വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ഏപ്രിൽ

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)

ലോകമേ തറവാട്
The World is One Family
Alappuzha + Eranakulam

## ആലപ്പുഴയിലെ ആദ്യ ബിനാലേ



# മഹാമാരിക്കാലത്തും കയർഫെഡ് മുന്നേറ്റ പാതയിൽ

Coirfed

## പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ




മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-9**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06




മഹാമാരിക്കാലത്തും
കയർഫെഡ് മുന്നേറ്റ പാതയിൽ

PAGE 10



ജനകീയാസൂത്രണം
കാൽ നൂറ്റാണ്ട്
പിന്നിടുമ്പോൾ

PAGE 16



ചരിത്രത്തിലൂടെ
കയർ (പരമ്പര)

PAGE 19



ലോകമേ തറവാട്
ആലപ്പുഴയിലെ
ആദ്യ ബിനാലെ

PAGE 24



തച്ചടി പ്രഭാകരൻ
അനുസ്മരണം

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

എഡിറ്റോറിയൽ


## നന്ദി,
## ഡോ. ടി.എം. തോമസ് ഐസക്

രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയ്ക്ക് നേതൃത്വം നൽകിയ ധനകാര്യ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഈ കുറിപ്പ് അച്ചടിച്ച് വരുമ്പോഴേക്കും സ്ഥാനമൊഴിഞ്ഞിരിക്കും. കയർ മേഖലയ്ക്കാകെ പുതുജീവൻ നൽകുന്നതിനും വ്യവസായത്തിന്റെ പുനരുജ്ജീവിപ്പിക്കുന്നതിനും ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം നടത്തിയ അനിതരസാധാരണമായ പ്രവർത്തനങ്ങൾക്ക് കയർ മേഖലയ്ക്കുവേണ്ടി ഈയവസരത്തിൽ ഒരിക്കൽകൂടി നന്ദി പ്രകാശിപ്പിക്കുന്നു.

കയർ വ്യവസായത്തിൽ യന്ത്രവത്കരണവും സാങ്കേതിക നവീകരണവും കൊണ്ടുവരുന്നതിന് മൂന്ന് പതിറ്റാണ്ട് മുമ്പ് തന്നെ ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ശ്രമം ആരംഭിച്ചിരുന്നു. രണ്ടാം നായനാർ മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന കെ.ആർ. ഗൗരിയമ്മയുടെ ഭരണകാലത്ത് കയർ വ്യവസായ പുനസംഘടനയ്ക്കായി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ഡോ. ടി.എം. തോമസ് ഐസക് തലവനായി ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിരുന്നു. സി.ഐ.റ്റി.യു, എ.ഐ.റ്റി.യു.സി, ഐ.എൻ.റ്റി.യു.സി തുടങ്ങിയ കേന്ദ്ര ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളായി സുശീലാ ഗോപാലൻ, ആനത്തലവട്ടം ആനന്ദൻ, എം.ടി. ചന്ദ്രസേനൻ, റ്റി.കെ. സദാനന്ദൻ തുടങ്ങിയവരെല്ലാം ഈ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു. ആ കമ്മിറ്റിയുടെ ശുപാർശയിലാണ് എൻ.സി.ഡി.സി ധനസഹായത്തോടുകൂടി സംയോജിത കയർ വികസന പദ്ധതി (ഐ.സി.ഡി.പി) നടപ്പിലാക്കിയത്. ആനത്തലവട്ടം ആനന്ദൻ പ്രസിഡന്റായിരുന്ന കയർഫെഡിനെയാണ് ഈ പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി അന്ന് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ കയർ പിരിക്കുന്നതിന് വികസിപ്പിച്ചെടുത്ത യന്ത്രവത്കൃത റാട്ടുകളുടെ ഗുണമേൻമയില്ലായ്മയും ഉത്പാദനക്ഷമതക്കുറവും പദ്ധതിയാകെ അവതാളത്തിലാക്കി.

അതിനുശേഷം, സങ്കേതിക നവീകരണത്തിൽ ഊന്നുന്നതും തൊഴിലാളി ക്ഷേമവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തിക്കൊണ്ടുള്ളതുമായ കയർ പുനസംഘടനാ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചത് ആനത്തലവട്ടം ആനന്ദൻ തലവനായ കയർ കമ്മീഷനായിരുന്നു. 2008 ഒക്ടോബർ 10 ന് അന്നത്തെ കയർ മന്ത്രി ജി. സുധാകരനാണ് കമ്മീഷൻ നിർദേശങ്ങൾ കമ്മീഷനിൽ നിന്ന് ഏറ്റുവാങ്ങിയത്. ഈ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചുകൊണ്ടാണ് കുറ്റമറ്റ നിലയിൽ യന്ത്രവത്കരണം സാധ്യമാക്കുന്നതിന് പൊതു ഉടമസ്ഥതയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുവാൻ കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന മന്ത്രി ജി. സുധാകരന്റെ നേതൃത്വത്തിൽ വി.എസ് സർക്കാർ നടപടികൾ സ്വീകരിച്ചത്.

ഡോ. തോമസ് ഐസക്കിന്റെ ആശയമായ രണ്ടാം കയർ പുനസംഘടനാ പദ്ധതിയോട് കൂടിയാണ് സമ്പൂർണമായ സാങ്കേതിക നവീകരണവും ആധുനികവത്കരണവും വ്യവസായത്തിൽ പിന്നീടുണ്ടായത്. യന്ത്രവത്കരണത്തോട് പുറംതിരിഞ്ഞ് നിന്നിരുന്ന കയർ തൊഴിലാളി സമൂഹത്തെ സാങ്കേതിക നവീകരണത്തിനും



ഡോ. റ്റി.എം. തോമസ് ഐസക്



ആനത്തലവട്ടം ആനന്ദൻ

# എഡിറ്റോറിയൽ

ആധുനികവത്കരണത്തിനും അനുകൂലമായി പരിവർത്തനപ്പെടുത്തിയെടുക്കുന്നതിൽ, കയർ തൊഴിലാളി നേതാവും കയർമേഖലയിലെ കുലപതിയുമായ പരിണിതപ്രജ്ഞനായ ആനത്തലവട്ടം ആനന്ദൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും ഇത്തരണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതി ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിൽ കയർ വ്യവസായവുമായി ബന്ധപ്പെട്ട മുഴുവൻ പേരും നടത്തിയ പിൻതുണയും പങ്കാളിത്തവും സമാനതകളില്ലാത്തതായിരുന്നെന്ന് കാലം രേഖപ്പെടുത്തുക തന്നെ ചെയ്യും.

രണ്ടാം കയർ പുനസംഘടനാ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ മന്ത്രിയെന്ന നിലയിൽ ഡോ. ടി.എം. തോമസ് ഐസക്ക് മുന്നിൽനിന്ന് നടത്തിയ, സൂക്ഷ്മ തലങ്ങളിൽ വരെ എത്തിച്ചേരുന്ന പ്രവർത്തനങ്ങളും കൂടിയാലോചനകളും അവലോകന നടപടികളും, സാക്ഷരതാപ്രവർത്തനം, ജനകീയാസൂത്രണ പ്രവർത്തനം എന്നിവ ഒഴിച്ചാൽ മറ്റൊരു മേഖലയിലും ഉദാഹരിക്കാനാവാത്ത നൂതനമായൊരു അനുഭവമായിരന്നു.

1971ൽ കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) സ്ഥാപിതമായ കാലം മുതൽ പ്രസിഡന്റായിരുന്ന സുശീലാ ഗോപാലൻ 2001 ഡിസംബർ 19ന് അന്തരിച്ചതിനെ തുടർന്നാണ് കയർ സെന്ററിന്റെ പ്രസിഡന്റായി ഡോ. ടി.എം. തോമസ് ഐസക്ക് കയർ സംഘടനാ നേതൃത്വത്തിൽ പ്രവർത്തിച്ചു തുടങ്ങിയത്. 1971 മുതൽ കയർ വർക്കേഴ്സ് സെന്ററിന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവന്നിരുന്നത് ആനത്തലവട്ടം ആനന്ദൻ എന്ന കയർ തൊഴിലാളികളുടെ എക്കാലത്തെയും നേതാവാണ്. കയർ വർക്കേഴ്സ് സെന്ററിന്റെ അഞ്ചാലുംമൂട് സംസ്ഥാന സമ്മേളനത്തിൽ വച്ച് കയർ സെന്ററിന്റെ പ്രസിഡന്റായി ചുമതലയേറ്റ ഡോ. ടി.എം. തോമസ് ഐസക്കും, ജനറൽ സെക്രട്ടറിയായി തുടർന്ന വന്നിരുന്ന ആനത്തലവട്ടം ആനന്ദനും കയർ തൊഴിലാളി സംഘടനയ്ക്ക് ധീരമായ നേതൃത്വം നൽകി.

ഒന്നര ദശാബ്ദക്കാലം ഈ രണ്ടു നേതാക്കളുടെ നേതൃത്വത്തിൽ കയർ തൊഴിലാളികൾ നടത്തിയ എണ്ണമറ്റ പ്രക്ഷോഭസമരപരിപാടികൾ കേരള സമൂഹത്തെയാകെ ഇളക്കി മറിക്കുകയും ചെയ്തു. ആ രണ്ടു നേതാക്കളുടെയും സംയുക്തമായ പ്രവർത്തനങ്ങൾ ഈ ലേഖകനെ പോലുള്ള പുതുതലമുറയ്ക്ക് നൽകിയ ദിശാബോധവും കരുത്തും വളരെ വലുതാണ്. കയർ സെന്റർ പ്രസിഡന്റ് എന്ന നിലയിൽ ഡോ. ടി.എം. തോമസ് ഐസക്കിന്റെ മുൻനിര പ്രവർത്തനങ്ങൾ എക്കാലത്തും ഏവർക്കും അനുകരണീയമാണ്. തൊഴിലാളി ക്ഷേമത്തിലും സുരക്ഷിതത്വത്തിലും ഊന്നിയ കയർ പുനസംഘടനാ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഭാവനാപൂർണമായ നടപടികളാണ് അദ്ദേഹം സ്വീകരിച്ചത്. ഈ പദ്ധതികളുടെ നടത്തിപ്പിന് കഴിഞ്ഞ അഞ്ചു വർഷവും പണം ഒരു തടസമേയല്ലായിരുന്നു.

കയർ വ്യവസായത്തിന് എൻ.സി.ഡി.സി യിൽ നിന്നും 100 കോടി രൂപയുടെ ധനസഹായം അനുവദിച്ചെടുക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. മന്ത്രിയുടെ ശ്രമഫലമായിട്ടാണ് എൻ.സി.ഡി.സി ധനസഹയം കാൽ നൂറ്റാണ്ടിനു ശേഷം കയർ വ്യവസായ മേഖലയ്ക്ക് ലഭ്യമായത് എന്നതും നന്ദിപൂർവം സ്മരിക്കുന്നു അതുപോലെ ഈ പ്രവർത്തനങ്ങൾക്കാകെ സർവവിധ പിൻതുണയും നൽകി ഈ പ്രവർത്തനങ്ങളോടൊപ്പം നിന്ന് പ്രവർത്തിച്ച അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദനും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

സമയബന്ധിതമായ
കർമ്മപരിപാടിയിലൂടെയും
ചിട്ടയായ
പ്രവർത്തനത്തിലൂടെയും
മുൻ വർഷത്തേക്കാൾ
മികച്ച പ്രകടനം
കയർഫെഡിന്
കാഴ്ച്ചവെയ്ക്കുവാൻ
കഴിഞ്ഞു.

# മഹാമാരിക്കാലത്തും കയർഫെഡ് മുന്നേറ്റ പാതയിൽ





**അഡ്വ.എൻ. സായികുമാർ**
**പ്രസിഡന്റ്, കയർഫെഡ്**

**കോ**വിഡ് മഹാമാരി സാമൂഹികസാമ്പത്തിക രംഗത്ത് സൃഷ്ടിച്ച ആഘാതം വളരെ വലുതാണ്. കഴിഞ്ഞ ഒരു വർഷമായി വാണിജ്യവ്യാവസായിക രംഗമാകെ തകർച്ചയുടെ വക്കിലാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയെ വരെ അതു താറുമാറാക്കി. എന്നാൽ ഈ മഹാമാരിക്കാലത്തും കയർ വ്യവസായവും കയർഫെഡും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് പുരോഗതിയുടെ പാതയിലൂടെ മുന്നേറുന്നതായാണ് കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനം അവലോകനം ചെയ്യുമ്പോൾ കാണുവാൻ കഴിയുന്നത്.

രണ്ടാം കയർ പുനഃസംഘടനാ പദ്ധതി മുന്നോട്ടുവെച്ച ആശയങ്ങളും അതനുസരിച്ചുള്ള പ്രവർത്തനങ്ങളും കേരളത്തിലെ കയർ വ്യവസായത്തെ മഹാമാരിയുടെ കരാള ഹസ്തത്തിൽ നിന്നും രക്ഷിച്ച് വ്യവസായത്തെയാകെ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുവാൻ സഹായകമായി എന്നും വേണം കരുതുവാൻ. സമയബന്ധിതമായ കർമ്മപരിപാടിയിലൂടെയും ചിട്ടയായ പ്രവർത്തനത്തിലൂടെയും മുൻ വർഷത്തേക്കാൾ മികച്ച പ്രകടനം കയർഫെഡിന് കാഴ്ച്ചവെയ്ക്കുവാൻ കഴിഞ്ഞു. കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധികളെ മുറിച്ചുകടക്കുവാൻ കയർഫെഡ് സ്വീകരിച്ച നടപടികൾ വിജയിച്ചെന്നാണ് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തുമ്പോൾ വെളിവാകുന്നത്.

കയർഫെഡിന്റെ പ്രധാനലക്ഷ്യം അംഗസംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറും കയറുത്പന്നങ്ങളും വാങ്ങി വിപണനം ചെയ്യുകയും അതുവഴി കയർ സഹകരണ സംഘങ്ങളെയും കയർ തൊഴിലാളികളെയും സഹായിക്കുകയെന്നതുമാണ്. ഇതുകൂടാതെ കയർഫെഡ്, കയർ വ്യവസായത്തിന്റെ പുരോഗതിയ്ക്കായി വിവിധങ്ങളായ കയർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകളും നടത്തിവരുന്നുണ്ട്. കയർ സംഭരണത്തിലും വിപണനത്തിലും കഴിഞ്ഞ സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ വൻപുരോഗതിയാണ് കൈവരിക്കാനായത്. കൂടാതെ കോവിഡ് കാലത്തെ നിയന്ത്രണങ്ങൾക്കും പരിമിതികൾക്കുമിടയിലും ഉത്പാദന യൂണിറ്റുകളിൽ ചിലതും പുരോഗതി കൈവരിച്ചിട്ടുണ്ട്.



## കയർ സംഭരണവും വിപണനവും

കയർഫെഡിന്റെ കയർ സംഭരണത്തിന്റെയും വിപണനത്തിന്റെയും കഴിഞ്ഞ 10 വർഷത്തെ അവലോകനം കയർ വ്യവസായം മാസികയുടെ കഴിഞ്ഞ ലക്കങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ ഇക്കഴിഞ്ഞ മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതിയും കണക്കുകളും തൊട്ടുമുൻ വർഷത്തെ പ്രവർത്തനങ്ങളും കണക്കുകളും താരതമ്യപ്പെടുത്തികൊണ്ടുള്ള വിശകലനമാണ് നടത്തുന്നത്.

2019–20 സാമ്പത്തിക വർഷം 92.87 കോടി രൂപയുടെ 1,76,947 ക്വിന്റൽ കയർ സംഭരിച്ച സ്ഥാനത്ത് 2020–21 സാമ്പത്തിക വർഷം 110.86 കോടി രൂപയുടെ 2,17,907 ക്വിന്റൽ കയറാണ് സംഭരിച്ചത്. മുൻ വർഷത്തെ അപേക്ഷിപ്പിച്ച് കയർ സംഭരണത്തിൽ 23.15 ശതമാനം വളർച്ചയാണ് കൈവരിച്ചത്. അതുപോലെ 2019–20 വർഷം 87.32 കോടി രൂപയുടെ 1,65,922 ക്വിന്റൽ കയർ വിൽപന നടത്തിയപ്പോൾ 2020–21 വർഷത്തിൽ 106.80 കോടി രൂപയുടെ 2,09,479 ക്വിന്റൽ കയർ വിറ്റഴിക്കാനായി.

വിപണനത്തിൽ 26.25 ശതമാനം വളർച്ചയും നേടി. കയർഫെഡിന്റെ ആലപ്പുഴ, കൊല്ലം, കോഴിക്കോട്, കൊച്ചി എന്നീ നാലു റീജീയണൽ ആഫീസുകൾ വഴിയും ഹെഡ് ആഫീസിൽ നിന്ന് നേരിട്ടുമാണ് ഈ വിൽപന നടത്തിയത്. വിൽപനയുടെ 80 ശതമാനവും ആലപ്പുഴ റീജീയണൽ ആഫീസ് വഴിയാണ്. കയർ സംഭരണത്തിലും വിപണനത്തിലും ഉണ്ടായ വർദ്ധനവുവഴി കോവിഡ് കാലത്തെ അടച്ചുപൂട്ടലിന്റെ അവസ്ഥയിലും കയർ മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും, അതുവഴി ഈ രംഗത്ത് പണിയെടുക്കുന്ന സാധാരണക്കാരായ കയർ തൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലും വേതനവും ഉറപ്പുവരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.



## ചകിരി സംഭരണവും വിതരണവും

കയർ സംഘങ്ങൾക്ക് കയറുത്പാദനത്തിനാവശ്യമായ ചകിരി സംഭരിച്ചു നൽകുന്നതിന് സർക്കാർ കയർഫെഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സംഘങ്ങൾക്ക് ഗുണനിലവാരമുള്ള ചകിരി മിതമായ വിലയ്ക്ക് സംഭരിച്ചു നൽകുവാൻ കയർഫെഡിന്റെ ഇടപെടലുകൾ വഴി കഴിയുന്നുണ്ട്. രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലുമായി പുതിയ 120 ഓളം ആധുനിക ചകിരി മില്ലുകളാണ് സർക്കാർ

ധനസഹായത്തോടുകൂടി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്. 5,000 മുതൽ 50,000 വരെ തൊണ്ടിന്റെ ചകിരി പ്രതിദിനം ഉത്പാദിപ്പിക്കുവാൻ ശേഷിയുള്ള യന്ത്രങ്ങളാണ് ഈ മില്ലുകളിൽ സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാനത്തിനകത്തുനിന്നുള്ള ഈ ചകിരി മില്ലുകളിലെ ചകിരിയും കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് നൽകി വരുന്നുണ്ട്. ഇതുകൂടാതെ ടെൻഡർ നടപടികളിലൂടെ എം പാനൽ ചെയ്ത സംസ്ഥാനത്തിന് പുറത്തെ ചരികി ഉത്പാദകരിൽ നിന്നും ചകിരി വ്യാപാരികളിൽ നിന്നും ചകിരി വാങ്ങി കയർഫെഡ് സംഘങ്ങൾക്ക് നൽകുന്നുണ്ട്. ഇത്തരത്തിൽ 2019-20 സാമ്പത്തിക വർഷം 14.17 കോടി രൂപയുടെ 65,86,461 കി.ഗ്രാം ചകിരി വാങ്ങി നൽകിയപ്പോൾ 2020-21 സാമ്പത്തിക വർഷം 23.66 കോടി രൂപയുടെ 1,13,47,476 കി.ഗ്രാം ചകിരിയാണ് കയർഫെഡ് സംഭരിച്ച് കയർ പിരി സംഘങ്ങൾക്ക് വിതരണം ചെയ്തത്. ചകിരി വിതരണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കഴിഞ്ഞ വർഷം 72.28 ശതമാനത്തിന്റെ വൻവളർച്ചയാണ് കൈവരിക്കാനായത്. ചകിരി വാങ്ങി നൽകിയതിൽ കയർഫെഡിന്റെ ഇടപെടൽ മൂലമുണ്ടായ ഈ നേട്ടത്തിന്റെ ഫലമായി കയർ ഉത്പാദനത്തിലും മികച്ച വളർച്ച കൈവരിക്കുവാൻ കഴിഞ്ഞു.




## കയർഫെഡിന്റെ ഷോറൂമുകളിൽ വിൽപന

മെത്തകൾ, പി.വി.സി ടഫ്റ്റഡ് മാറ്റുകൾ, ജൈവവളം, അംഗസംഘങ്ങൾ നിർമ്മിച്ച് നൽകുന്ന കയർ ഉത്പന്നങ്ങൾ, കയർ തുടങ്ങിയവ ഉൾപ്പെടെ വൈവിധ്യമാർന്ന നിരവധി ഉത്പന്നങ്ങൾ കേരളത്തിലും കേരളത്തിന് പുറത്തുമുള്ള 50 ഓളം സ്വന്തം ഷോറൂമുകൾ വഴിയാണ് കയർഫെഡ് വിറ്റഴിക്കുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള അടച്ചിടൽ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ കയർഫെഡിന്റെ ഷോറൂമുകളിലെ വിൽപനയേയും സാരമായി ബാധിക്കുകയുണ്ടായി. എങ്കിലും 2019 - 20 വർഷത്തിൽ 16.29 കോടി രൂപയായിരുന്നു ഷോറൂം വഴിയുള്ള വിൽപനയെങ്കിൽ 2020 - 21 സാമ്പത്തിക വർഷം അത് 16.71 കോടി രൂപയായി വർദ്ധിച്ചു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളുടെ നടുവിലും കയർഫെഡിന്റെ ഷോറൂം വഴിയുള്ള വിൽപ്പനയിൽ 2.58 ശതമാനം വളർച്ച നേടിയെടുക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനാർഹമായ നേട്ടമാണ്.




## ഉത്പാദന യൂണിറ്റുകൾ

കയർഫെഡിന്റെ പ്രധാന ഉത്പാദന യൂണിറ്റായ ആലപ്പുഴയിലെ മെത്ത നിർമ്മാണ ഫാക്ടറിയിൽ 2019-20 ൽ ഉത്പാദനം 2,20,450 കി.ഗ്രാം ആയിരുന്നു. 2020-21 ൽ ഇത് 2,31,001 കി. ഗ്രാമായി വർദ്ധിച്ചു. ഈ യൂണിറ്റ് കോവിഡ് പ്രതിസന്ധികൾക്കിടയിലും 4.78 ശതമാന ഉത്പാദന വളർച്ച കൈവരിച്ചു. കയർഫെഡിന്റെ മുനമ്പം കയർ പിത്ത് അധിഷ്ഠിത ഉത്പന്ന നിർമ്മാണ യൂണിറ്റിലെ 2019 - 20 ലെ ഉത്പാദനം 2,70,000 കി.ഗ്രാം ആയിരുന്നു.

2020-21 വർഷം ഉത്പാദനം 5,38,500 കി.ഗ്രാം ആയി വർദ്ധിച്ചു. വർദ്ധനവ് 99.44 ശതമാനമാണ് എന്നത് ശ്രദ്ധേയമാണ്. മറ്റു ഉത്പാദന യൂണിറ്റുകളുടെ വിവരങ്ങൾ പട്ടികയിൽ പ്രതിപാദിച്ചിട്ടുണ്ട്.




### കൊക്കോഫെർട്ട്

കയർഫെഡിന്റെ കയർ പിത്ത് അധിഷ്ഠിത ജൈവവളമായ കൊക്കോഫെർട്ട് ജൈവവളത്തിന്റെ വിൽപനയിൽ വൻ മുന്നേറ്റമാണ് ഇക്കഴിഞ്ഞ വർഷം നേടിയത്. 2019-20 ൽ 2,71,507 കി.ഗ്രാം കൊക്കോഫെർട്ട് വിറ്റഴിച്ച സ്ഥാനത്ത് 2020-21 വർഷം 6,75,615 കി.ഗ്രാം കൊക്കോഫെർട്ടാണ് വിറ്റഴിക്കുവാൻ കഴിഞ്ഞത്. കൊക്കോഫെർട്ട് വിൽപനയിൽ 150 ശതമാനത്തോളം വർദ്ധനവാണ് കൈവരിച്ചത്.

### ആകെ വിറ്റുവരവിലും വർദ്ധനവ്

കയർഫെഡിന്റെ 2019-20 വർഷത്തെ ആകെ വിറ്റുവരവ് 125.36 കോടി രൂപയായിരുന്നു. 2020-21 വർഷത്തിൽ വിറ്റുവരവ് 154.21 കോടിയായി ഉയർന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും കയർഫെഡിന്റെ വിറ്റുവരവിൽ 23.02 ശതമാനം വളർച്ച നേടുവാൻ കഴിഞ്ഞു എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ട വസ്തുതയാണ്.

**കയർഫെഡിന്റെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തന പുരോഗതിയുടെ താരതമ്യ പഠനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

### പട്ടിക - I ഉത്പാദന യൂണിറ്റുകൾ

| ക്രമ നം | യൂണിറ്റ് | 2019-20 | 2020-21 അളവ് | വളർച്ച ശതമാനം |
|---|---|---|---|---|
| 1 | ആർ.സി.പി യൂണിറ്റ് (കി.ഗ്രാം) | 2,20,450 | 2,31,001 | 4.78% |
| 2 | പി.വി.സി യൂണിറ്റ് (ച.മീ) | 95,471 | 81,644 | (-) 14.60% |
| 3 | ചവറ നാച്യുറൽ ഫൈബർ പാർക്ക് (ച.മീ) | 4,558 | 3,421 | (-) 24.95% |
| 4 | ആർ.ബി യൂണിറ്റ് (എണ്ണം) | 31,689 | 4,103 | (-) 87.05% |
| 5 | മുനമ്പം യൂണിറ്റ് (കി.ഗ്രാം) | 2,70,000 | 5,38,500 | 99.44% |
| 6 | ചകിരി മില്ലുകൾ -ചകിരി (കി.ഗ്രാം) | 3,92,461 | 1,97,111 | (-) 49.77% |
| 7 | കർലിംഗ് യൂണിറ്റ് (കി.ഗ്രാം) | 85,131 | 88,409 | 3.85% |
| 8 | പിത്ത് ബ്രിക്കറ്റ് യൂണിറ്റ് (എണ്ണം) | 10,069 | 9,451 | (-) 6.13% |

### പട്ടിക - II കയർ യാൺ

| | 2019-2020 | | 2020-21 | | വർദ്ധനവ് |
|---|---|---|---|---|---|
| | അളവ് (ക്വി) | തുക (കോടി) | അളവ് (ക്വി) | തുക (കോടി) | ശതമാനം |
| വാങ്ങൽ | 1,76,947 | 92.88 | 2,17,907 | 110.86 | 23.15% |
| വിൽപന | 1,65,922 | 87.32 | 2,09,479 | 106.80 | 26.25% |

### പട്ടിക - III ചകിരി വാങ്ങൽ

| | 2019-2020 | | 2020-21 | | വർദ്ധനവ് |
|---|---|---|---|---|---|
| | അളവ് (ക്വി) | തുക (കോടി) | അളവ് (ക്വി) | തുക (കോടി) | ശതമാനം |
| വാങ്ങൽ | 65,86,461 | 14.17 | 1,13,47,476 | 23.66 | 72.28% |

### പട്ടിക - IV ഷോറൂം വിൽപ്പന

| | 2019-2020 (രൂപ) | 2020-21 (രൂപ) | വർദ്ധനവ് ശതമാനം |
|---|---|---|---|
| ഷോറൂം വിൽപന ആകെ | 16,29,26,263 | 16,71,37,433 | 2.58% |

### പട്ടിക - V കയർ ഭൂവസ്ത്രം

| | 2019-2020 | | 2020-21 | | വർദ്ധനവ് |
|---|---|---|---|---|---|
| | അളവ് (ച.മീ) | തുക (കോടി) | അളവ് (ച.മീ) | തുക (കോടി) | ശതമാനം |
| കയർ ഭൂവസ്ത്രം | 6,35,474 | 43.41 | 3,26,050 | 22.67 | (-)48.69% |
| കയറ്റുമതി | 34,245 | 0.26 | 57,800 | 0.55 | 68.78% |

### പട്ടിക - VI വിറ്റുവരവ്

| | 2019-2020 | 2020-21 | വർദ്ധനവ് ശതമാനം |
|---|---|---|---|
| വിറ്റുവരവ് | 125.36 കോടി | 154.21 കോടി | 23.02 |





## 'അധികാരം ജനങ്ങളിലേക്ക്'


# ജനകീയാസൂത്രണം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ

**അനൂപ് റോയ്.ആർ.പി.**
ക്വാളിറ്റി കൺട്രോൾ ഓഫീസർ,
കയർഫെഡ്

**1997** ഓഗസ്റ്റ് 17 (1172 ചിങ്ങം 1) ശനിയാഴ്ചയാണ് കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. മുൻമുഖ്യമന്ത്രിമാരുടെയും അന്നത്തെ മുഖ്യമന്ത്രി ഇ.കെ. നായനാരുടെയും സാന്നിധ്യത്തിൽ കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തിരിതെളിച്ചത്. കേരളത്തിന്റെ ഭരണപ്രക്രിയയിലും ഭരണ നിർവഹണ സംവിധാനത്തിലും വികസന യാത്രയിലും പുതിയ അധ്യായങ്ങൾ രചിച്ചു കൊണ്ടാണ് ജനകീയാസൂത്രണം ഉദ്ഘാടനം ചെയ്യപ്പെട്ടത്. പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട്, ജനപ്രതിനിധികളെയും സന്നദ്ധപ്രവർത്തകരേയും വിദഗ്ദ്ധരെയും ഉദ്യോഗസ്ഥരേയും തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരെ അണിനിരത്തിയാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ പഠിച്ച് ഗുണഭോക്താക്കളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ട് പ്രാദേശിക വികസന പദ്ധതികൾ തയാറാക്കിക്കൊണ്ട് വികേന്ദ്രീകൃതാസൂത്രണത്തിന്റേയും പ്രാദേശിക വികസന പരിപാടികളുടെയും ഒരു പുതിയ കാലഘട്ടം ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിന് കാഴ്ചവെച്ചു. ഇന്ന് സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ 20 ശതമാനത്തിലധികം ജനകീയാസൂത്രണ പദ്ധതികൾക്കായി ചെലവഴിക്കുന്നു. ആരോഗ്യ രംഗത്തും, വിദ്യാഭ്യാസ രംഗത്തും, സ്ത്രീ ശാക്തീകരണത്തിലും, ദാരിദ്ര്യ ലഘൂകരണത്തിലും ഗ്രാമീണ റോഡുകളുടെ നിർമാണത്തിലും നവീകരണത്തിലും, ജല സംരക്ഷണ പ്രവർത്തനങ്ങളിലും, കൃഷിയിലും, ചെറുകിട സംരംഭങ്ങളിലും, വികേന്ദ്രീകൃത മാലിന്യ പരിപാലന പദ്ധതിയിലുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയമാണെന്ന് ഇന്ന് പൊതുവിൽ അംഗീകരിക്കപ്പെടുന്നുണ്ട്.

ജനകീയാസൂത്രണ പ്രസ്ഥാനം 25 വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് കിലയും (കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ഗിഫ്റ്റും (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ) സംയുക്തമായി ഒരു അന്തർദ്ദേശീയ വർക്ക്ഷോപ്പ് കഴിഞ്ഞ ഏപ്രിൽ 10 ന് സംഘടിപ്പിച്ചിരുന്നു. തിരുവനന്തപുരം, ശ്രീകാര്യത്തുള്ള ഗിഫ്റ്റിന്റെ ഓഡിറ്റോറിയം ആയിരുന്നു പ്രധാന വേദി. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായി പാലിച്ചു സംഘടിപ്പിച്ച പരിപാടിയിൽ 120 പേർ നേരിട്ട് പങ്കാളികളായി. 300 ലധികം പേർ ഓൺലൈനായും പങ്കാളികളായി. 20,000ത്തിലേറെ പേരാണ് വിവിധ സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കെടുത്തത്. ഈ മഹാമാരിക്കാലത്ത് സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച രീതിയിൽ വർദ്ധിച്ച പങ്കാളിത്തത്തോടെ എല്ലാവിധ പ്രോട്ടോ




*ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25-ാം വർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ സൂം മീറ്റിംഗിലൂടെ പങ്കെടുക്കുന്ന പ്രതിനിധികൾ.*

കോളുകളും കൃത്യമായി പാലിച്ചുകൊണ്ട് എങ്ങനെ പരിപാടികൾ സംഘടിപ്പിക്കാം എന്നതിന്റെ നല്ലൊരു മാതൃകയായിരുന്നു ഈ വർക്ക്ഷോപ്.

രാവിലെ 9 മണിമുതൽ രാത്രി 8 മണിവരെ നടന്ന പരിപാടിയിൽ ഉച്ച ഭക്ഷണവുമായി ബന്ധപ്പെട്ട ഇടവേള ഒഴിച്ചാൽ ബാക്കി 10 മണിക്കൂറും അർത്ഥപൂർണമായ സംവാദങ്ങൾ നടന്നു. വളരെ പ്രസക്തമായ ആറ് വിഷയങ്ങളെ മുൻനിർത്തി ഓരോ മണിക്കൂർ വീതമുള്ള ആറ് സെഷനുകളായാണ് പരിപാടി ക്രമീകരിച്ചിരുന്നത്.

ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും റിച്ചാർഡ് ഡബ്ല്യു ഫ്രാങ്കിയും ചേർന്നെഴുതിയ People's Planning Kerala, Local Democracy & Development എന്ന പുസ്തകത്തിന്റെ പ്രകാശനം സെഷനുകൾക്ക് ശേഷം നിർവഹിച്ചു. കേരള മുഖ്യമന്ത്രി പിണറായി വിജയനാണ് പുസ്തക പ്രകാശനം നിർവഹിക്കേണ്ടിയിരുന്നത്. എന്നാൽ അദ്ദേഹം കോവിഡ് ബാധിതനായി ചികിത്സയിലായിരുന്നതിനാൽ പരിപാടിയിൽ പങ്കെടുത്ത മറ്റെല്ലാപേരും ചേർന്ന് പ്രകാശന കർമ്മം നിർവഹിക്കുകയായിരുന്നു.



*ഗിഫ്റ്റ് ഓഡിറ്റോറിയത്തിൽ വർക്ഷോപ്പിൽ നേരിട്ട് പങ്കെടുത്ത പ്രതിനിധികളുമായി ഇടവേള സമയത്ത് ഡോ. ടി.എം. തോമസ് ഐസക് സംവദിക്കുന്നു.*

ഗ്രാമസഭകളിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും ഗ്രാമസഭകൾ കൂടുതൽ ഫലപ്രദമാക്കുന്നത് സംബന്ധിച്ചും നീർത്തട പ്ലാനുകൾ പ്രാദേശിക പദ്ധതികളുമായി ഫലപ്രദമായി കൂട്ടിയോജിപ്പിക്കുകയെന്നതു സംബന്ധിച്ചും ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും, പിന്നോക്ക ക്ഷേമ പ്രവർത്തനങ്ങളിലും ജനകീയാസൂത്രണ പദ്ധതിയിലൂടെയുണ്ടായ മാറ്റങ്ങൾ സംബന്ധിച്ചുമെല്ലാം വർക്ക്ഷോപ്പിൽ വിശദമായ ചർച്ചകൾ നടന്നു. ഈ പരിപാടിയുടെ ഒരു സമാഹൃത റിപ്പോർട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് തയാറാക്കുമെന്നാണ് അറിയുന്നത്. ആ റിപ്പോർട്ട് കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാൽനൂറ്റാണ്ടു കാലത്തെ പ്രവർത്തനത്തിന്റെ വിലയിരുത്തലും വരുംകാല പ്രവർത്തനങ്ങൾക്കുള്ള ഒരു ചൂണ്ടു പലകയുമായിരിക്കും.






### പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി

# കയർഫെഡിന്റെ ആലപ്പുഴ ഷോറൂം വിൽപനയിൽ ഒന്നാമത്

**എം. അനുരാജ്**
**മാർക്കറ്റിംഗ് മാനേജർ**
**കയർഫെഡ്**


**ക**ഴിഞ്ഞ സാമ്പത്തികവർഷം ലോകവിപണിയെ പൊതുവെയും ആഭ്യന്തര വിപണിയെ പ്രത്യേകിച്ചും ബാധിച്ച കോവിഡിന്റെ കാലഘട്ടമായിരുന്നു. കേന്ദ്ര ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും ഏർപ്പെടുത്തിയ ലോക്ഡൗണുകൾ ഭാഗികമായും അല്ലാതെയുമുള്ള നിയന്ത്രണങ്ങൾ എല്ലാം തന്നെ കയർഫെഡ് ഷോറൂമുകളുടെയും ആഫീസുകളുടെയും പ്രവർത്തനത്തെ ബാധിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷം മുഴുവൻ നീണ്ടുനിന്ന പ്രതികൂല സാഹചര്യത്തിലും കയർഫെഡിന്റെ ആലപ്പുഴ ഷോറൂം മൂന്ന് കോടി രൂപയുടെ റെക്കോർഡ് വിൽപന കൈവരിക്കുകയും, ഓണം വിൽപനയിൽ എഴുപത്തിരണ്ട് ലക്ഷം രൂപയുടെ വിൽപനയും നടത്തിയിരുന്നു. ഇത് കയർഫെഡിന്റെ കേരളത്തിലെ ഏറ്റവും കൂടിയ ഷോറൂം വിൽപന ആയിരുന്നു.

കയർഫെഡിന്റെ ഷോറൂം ശൃംഖലയിൽ വലിപ്പത്തിലും, വിൽപനയിലും പ്രഥമ സ്ഥാനത്ത് നിൽക്കുന്ന ഷോറൂമാണ് കയർഫെഡിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ഷോറൂം. ആലപ്പുഴ കളക്ട്രേറ്റിനടുത്തായി കണ്ണൻവർക്കി പാലത്തിന് സമീപം ആലപ്പുഴയുടെ ഹൃദയഭാഗത്താണ് ഈ ഷോറൂം സ്ഥിതി ചെയ്യുന്നത്. മെത്തകളുടെയും കയർ ഉത്പന്നങ്ങളുടെയും ഉൾപ്പെടെ വിപുലമായ ശേഖരമാണ് ഈ ഷോറൂമിലുള്ളത്. സുനോജ് ബി.എഫ് ആണ് ഷോറൂം മാനേജരുടെ ചുമതല വഹിക്കുന്നത്. ഇദ്ദേഹത്തെ കൂടാതെ മൂന്ന് സെയിൽസ് അസിസ്റ്റന്റ്മാർ കൂടി ഷോറൂമിൽ ഉണ്ട്.



**സുനോജ്.ബി.എഫ്**
**ഷോറൂം മാനേജർ**

നവംബർ 2019ലാണ് നിലവിലെ ഷോറൂം മാനേജർ ആലപ്പുഴ ഷോറൂമിൽ ചാർജ്ജ്എടുക്കുന്നത്. ആ വർഷം ഡിസംബറിൽ നടന്ന കയർകേരളയിൽ ആഭ്യന്തര വിൽപനയ്ക്കായി ഒരുക്കിയിരുന്ന സ്റ്റാളിൽ 40 ലക്ഷം രൂപയുടെ വിൽപന കയർഫെഡ് നടത്തിയിരുന്നു. ഈ സ്റ്റാൾ പ്രവർത്തിച്ചത് ആലപ്പുഴ ഷോറൂമിന് കീഴിലായിരുന്നു. 2019 കയർകേരളയിൽ പങ്കെടുത്ത ആകെ സ്റ്റാളുകളുടെ വിൽപന പരിശോധിച്ചാൽ




കയർഫെഡിന്റെ സ്റ്റാളിലായിരുന്നു ഏറ്റവും കൂടുതൽ വിൽപന നടന്നതെന്ന് കാണാം. കൂടാതെ ആ വർഷം കയർ കേരളയിലെ ഡൊമസ്റ്റിക് സ്റ്റാളിൽ ആകർഷകമായ സ്റ്റാളിനുള്ള അവാർഡും കയർഫെഡിനായിരുന്നു. ആ സാമ്പത്തിക വർഷം രണ്ടുകോടി പതിനേഴ് ലക്ഷം രൂപയുടെ വിൽപനയാണ് ആലപ്പുഴ ഷോറൂം നടത്തിയത്.

ഷോറൂം മാനേജരായ സുനോജിന്റെ ജോലിയിലുള്ള അർപ്പണ മനോഭാവവും വിൽപനയിലുള്ള പ്രാവീണ്യവും പ്രത്യേകം പരാമർശിക്കേണ്ടതാണ്. ഷോറൂം മാനേജരെ കൂടാതെ സോനു, പ്രവീൺ, വിൻസമ്മ എന്നിവരുമാണ് ഈ ഷോറൂമിൽ ജോലി നോക്കുന്നത്. 2020 കോവിഡ് കാലത്ത് ഹോസ്പിറ്റലുകൾക്കും, ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ എന്നിവിടങ്ങളിലേക്കും കോവിഡ് പരിചരണത്തിനായി പ്രത്യേക നിരക്കിൽ കയർഫെഡ് മെത്തകൾ തയാറാക്കി നൽകിയിരുന്നു. കയർഫെഡ് ആലപ്പുഴ ഷോറൂം 53,20,323/ രൂപയുടെ മെത്തകളാണ് ഇത്തരത്തിൽ നൽകിയത്.



റബറൈസ്ഡ് കയറുത്പന്നം പോലെതന്നെ കയർഫെഡിന്റെ ഉത്പന്ന ശ്രേണിയിലെ മറ്റ് ഉത്പന്നങ്ങളായ കയർടൈൽ, മാറ്റുകൾ, മാറ്റിംഗ്സ്, കൊക്കോഫെർട്ട്, പിത്ത് ബ്രിക്കറ്റ് എന്നിവയുടെ വിൽപനയിലും ആലപ്പുഴ ഷോറൂം മാനേജരും, സ്റ്റാഫും പ്രത്യേകം ശ്രദ്ധപുലർത്തി വരുന്നുണ്ട്. കയർ ടൈൽസിനായി ആരാധനായലയങ്ങൾ, മീറ്റിംഗ് ഹാളുകൾ എന്നിവിടങ്ങൾ സന്ദർശിച്ച് കസ്റ്റമേഴ്സിന്റെ താൽപര്യം അനുസരിച്ച് മാറ്റിംഗുകൾ വിരിച്ചു നൽകുന്നുണ്ട്.

ആലപ്പുഴ ഷോറൂമിൽ ഈ സാമ്പത്തിക വർഷത്തിൽ കസ്റ്റമർക്ക് അവരുടെ താല്പര്യത്തിന് അനുസരിച്ചുള്ള മെത്തകൾ പ്രത്യേകം തയാറാക്കുന്നതിനായുള്ള ഫാക്ടറി സ്റ്റുഡിയോ ഔട്ട്ലെറ്റ് എന്ന ആശയം നടപ്പിലാക്കുന്നതിനുള്ള ശ്രമത്തിലാണ്. ഇത് ആലപ്പുഴ ഷോറൂമിന്റെ വിൽപന വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. കൂടാതെ ഇതേ കെട്ടിടത്തിൽ തന്നെയാണ് കയർഫെഡിന്റെയും, കുടുംബശ്രീയുടെയും സംയുക്ത സംരംഭമായ കയർ ആൻഡ് ക്രാഫ്റ്റ് ഷോറൂം പ്രവർത്തിക്കുന്നത്. ഇതും ഷോറൂമിലേക്ക് കൂടുതൽ കസ്റ്റമേഴ്സിനെ ആകർഷിക്കും. ഷോറൂം മാനേജർ സുനോജിനും മറ്റ് സെയിൽസ് സ്റ്റാഫിനും കയർഫെഡിന്റെ എല്ലാവിധ അഭിനന്ദനങ്ങളും.

# കയർഫെഡ് കൊല്ലം, അനന്തപുരി ഷോറൂമുകൾ

# ഒരുകോടി ക്ലബിലേക്ക്


കയർഫെഡിന്റെ കൊല്ലം, തിരുവനന്തപുരം അനന്ത പുരി എന്നീ ഷോറൂമുകൾ 2020–21 സാമ്പത്തിക വർ ഷത്തിൽ ഒരുകോടി രൂപയ്ക്കു മുകളിൽ വിൽപന നടത്തി ശ്രദ്ധേയമായ പുരോഗതി നേടുകയുണ്ടായി. കയർഫെഡിന്റെ കേരളത്തിനകത്തുള്ള 22 ഷോറൂമുക ളിൽ മൂന്ന് ഷോറൂമുകളാണ് ഒരു കോടി രൂപയ്ക്കു മു കളിൽ വിൽപന നടത്തിയത്. ഇതിൽ ആലപ്പുഴ ഷോ റൂം 3 കോടി രൂപ യുടെ വിൽപനയും, അനന്തപുരി, കൊല്ലം എന്നീ ഷോറൂമുകൾ 1 കോടി രൂപയ്ക്ക് മുക ളിലും ആണ് വിൽപന നടത്തിയത്

കയർഫെഡിന്റെ കൊല്ലം ഷോറൂം 2015–16ന് ശേഷം ആദ്യമായാണ് ഒരു കോടി രൂപയ്ക്കു മുക ളിൽ വിൽപന നടത്തുന്നത്. 2015–16ൽ 1,00,97,930/ രൂപ ആയിരുന്നു വിൽപന.

എന്നാൽ 2020–21ലെ കോവിഡ് പ്രതിസന്ധികൾ ക്കിടയിലും കൊല്ലം ഷോറൂം 1,19,00,000 രൂപയുടെ വിൽപന നടത്തുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ ജൂലൈ വരെ ബീന ആയിരുന്നു ഷോറൂം മാനേജരുടെ ചുമതല വഹിച്ചി രുന്നത്. കയർഫെഡ് ഉത്പന്നങ്ങൾ വിൽപന നടത്തു ന്നതിൽ അർപ്പണ മനോഭാവത്തോടുകൂടി കഠിനമായി പ്രവർത്തിക്കുന്ന ഷോറൂം മാനേജർ ആയിരുന്നു ബീന. 2020 ജൂലൈ വരെ 43 ലക്ഷം രൂപയുടെ വിൽപന കൊല്ലം ഷോറൂമിൽ നടത്തിയിട്ടാണ് ബീന സർവീ സിൽ നിന്നും വിരമിച്ചത്. ഇത് ആകെ ഷോറൂം വിൽ പനയുടെ 36% ആയിരുന്നു. ബീനയുടെ റിട്ടയർമെന്റിന് ശേഷം സന്ദീപും തുടർന്ന് ഷോറൂം മാനേജരുടെ ചുമത ലയിൽ വേണുകുമാറും സ്ഥാനമേറ്റു. നിലവിൽ കൊല്ലം ഷോറൂമിന്റെ ചുമതല വഹിക്കുന്നത് വേണുവാണ്. കൊല്ലം ഷോറൂം വിൽപനയിൽ വർദ്ധനവ് വരുത്തു കയും ഷോറൂമിന്റെ നിലവിലെ ഏറ്റവും മികച്ച വിൽ പനയായ 1,19,00,000 രൂപയുടെ വിൽപന കൈവരിക്കു കയും ചെയ്തു. വേണുകുമാറിനെ കൂടാതെ ലൗജി കുമാർ, സിനിമോൾ എന്നീ രണ്ട് സെയിൽസ് സ്റ്റാഫു കളാണ് ഈ ഷോറൂമിലുള്ളത്.

ഒരു കോടി രൂപയ്ക്കു മുകളിൽ വിൽപന നടത്തിയ മൂന്നാമത്തെ ഷോറൂമാണ് തിരുവനന്തപുരം പ്രസ് റോ ഡിലുള്ള അനന്തപുരി ഷോറൂം. രാജഗോപാലാണ് ഷോറൂം മാനേജരുടെ ചുമതല നിർവഹിക്കുന്നത്. മുൻ വർഷങ്ങളിലും ഈ ഷോറൂം ഒരു കോടി രൂപയ്ക്ക് മുകളിൽ വിൽപന നടത്തിയിരുന്നു. കോവിഡിന്റെ പ്രതിസന്ധിക്കിടയിലും തുടർച്ചയായി ഒരു കോടി രൂപയ്ക്ക് മുകളിൽ വിൽപന നടത്താനായത് പ്രത്യേകം പ്രശംസ അർഹിക്കുന്നതാണ്. കൗണ്ടർ സെയിൽസി നേക്കാളും ഇൻസ്റ്റിറ്റ്യൂഷണൽ വിൽപനയാണ് ഈ ഷോറൂമിൽ നടക്കുന്നത്. ഇൻസ്റ്റിറ്റ്യൂഷണൽ ഓർഡറു കൾ ലഭിക്കണമെങ്കിൽ ഈ സ്ഥാപനങ്ങളുമായി നിര ന്തരം ബന്ധപ്പെടേണ്ടതും ബന്ധങ്ങൾ കാത്ത് സൂക്ഷി ക്കേണ്ടതുമുണ്ട്. ഈ പ്രക്രിയ വളരെ നല്ല രീതിയിൽ രാജഗോപാലും ഷോറൂം സ്റ്റാഫും നിർവഹിക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കയർഫെ ഡിന്റെ തന്നെ നൂതന ഉത്പന്നമായ കൊക്കോഫെർട്ട് 19230 കി.ഗ്രാം കയർഫെഡ് അനന്തപുരി ഷോറൂം മുഖാന്തിരമാണ് വിൽപന നടത്തിയത്. ഈ ഷോറൂ മിൽ ഷോറൂം മാനേജരായ രാജഗോപാലിനെ കൂടാതെ സെയിൽസ് അസ്സിസ്റ്റന്റായി അരുൺ, രഞ്ജിനി രാജ്, കെ. കുമാർ എന്നിവരാണ് ഉള്ളത്.

കയർഫെഡിന്റെ ഉത്പന്നവിൽപനയിൽ മികച്ച നേട്ടം കൈവരിക്കുവാനും ഈ ഷോറൂമുകളെ ഒരു കോടി ക്ലബിൽ എത്തിക്കുവാനും ആത്മാർത്ഥമായി പ്രവർ ത്തിച്ച കൊല്ലം അനന്തപുരി ഷോറൂം മാനേജർമാർ ക്കും മറ്റു ഷോറൂം സ്റ്റാഫിനും അഭിനന്ദനങ്ങൾ






അനന്തപുരി
മാനേജർ
രാജഗോപാൽ



കൊല്ലം
മാനേജർ ആയി
യിരുന്ന
ആർ. ബീന



കൊല്ലം
മാനേജർ
വേണുകുമാർ



# കയർഫെഡ് ഉത്പന്ന വിൽപന: കോടിപതിയായി എ. ശ്രീകുമാരൻ നായർ

**ക**യർഫെഡ് സർവീസിൽ നിന്നും വിരമിച്ചതിനുശേഷം കയർഫെഡ് ഉത്പന്നങ്ങൾ വിൽപന നടത്തുന്നതിന് ക്യാൻവാസിംഗ് ഏജന്റായി വിരമിച്ച ജീവനക്കാർ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ കയർഫെഡിന്റെ ഉത്ന്നങ്ങളുടെ സെയിൽസ് പ്രോമോഷൻ കോ -ഓ ർഡിനേറ്ററായി തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിച്ചു വരുകയാണ് എ. ശ്രീകുമാരൻ നായർ.

1982ലാണ് ഇദ്ദേഹം കയർഫെഡിൽ സർവീസിൽ പ്രവേശിക്കുന്നത്, നീണ്ട 36 വർഷത്തെ സേവനത്തിനുശേഷം കയർഫെഡിന്റെ അനന്തപുരി ഷോറൂമിൽ നിന്നും ഷോറൂം മാനേജരുടെ ചുമതലയിൽ നിന്നും 2018 ഏപ്രലിലാണ് വിരമിച്ചത്. സർവീസിൽ നിന്നും വിരമിച്ചവരും വിൽപനയിൽ പ്രാവീണ്യവും താൽപര്യമുള്ള മുൻ ജീവനക്കാരിൽ നിന്ന് സെയിൽസ് പ്രമോഷൻ കോർഡിനേറ്റർ (SPC)തസ്തികയിലേക്ക് കയർഫെഡ് ഭരണ സമിതി അപേക്ഷ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹം സമർപ്പിച്ച അപേക്ഷപരിഗണിച്ചാണ് കയർഫെഡ് ഭരണസമിതി ഇദ്ദേഹത്തെ ഔദ്യോഗികമായി ചുമതല ഏൽപ്പിച്ചത്.

സർവീസിലുള്ള കാലഘട്ടത്തിലും കയർഫെഡിനായി ഇൻസ്റ്റിറ്റ്യൂഷണൽ ഓർഡർ ക്യാൻവാസ് ചെയ്യുന്നതിന് ഇദ്ദേഹം പ്രത്യേകം നിപുണത പ്രകടിപ്പിച്ചിരുന്നു. ഷോറൂം മാനേജരായിരുന്ന രണ്ടുവർഷവും അനന്തപുരി ഷോറൂമിൽ ഒരു കോടി രൂപയ്ക്ക് മുകളിൽ വിൽപന നടത്തിയിരുന്നു. ആ കാലഘട്ടത്തിൽ ഒരു കോടി വിൽപന നടത്തുന്ന ചുരുക്കം ചില ഷോറൂമുകളിൽ ഒന്നായിരുന്നു ഇത്. ഇതിന് ഇദ്ദേഹം വഹിച്ച പങ്ക് പ്രത്യേകം പരാമർശിക്കേണ്ടതാണ്. കയർഫെഡിന് വിവിധ സർക്കാർ വകുപ്പുകളിലേക്കുള്ള ഓർഡറുകൾ അക്കാലത്ത് നിരന്തരം ലഭിച്ചു വന്നിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷം വിപണി ആകെ കോവിഡിന്റെ ആശങ്കയിൽ സ്തംഭിച്ചപ്പോഴും സെയിൽസ് പ്രമോഷൻ കോ–ഓർഡിനേറ്റർ എന്ന നിലയിൽ ശ്രീകുമാരൻ നായർ 54,30,365/രൂപയുടെ വിൽപനയ്ക്കുള്ള ഓർഡറുകൾ സമാഹരിച്ച് കയർഫെഡിന് നൽകുകയുണ്ടായി.

കോവിഡ്–19ന്റെ രണ്ടാം തരംഗത്തിന്റെ ഭീഷണി വിപണി നേരിടുന്ന 2021–22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ശീകുമാരൻ നായർ ഒരു കോടി നാൽപ്പത്തിയൊന്ന് ലക്ഷം രൂപയുടെ ഓർഡറാണ് കയർഫെഡിനായി നേടിയെടുത്തത്. ഇത് കയർഫെഡിന്റെ ഉത്പാദന യൂണിറ്റുകൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വരുമാനവും പ്രദാനം ചെയ്യും. റബറൈസ്ഡ് കയർ ഉത്പന്നങ്ങൾ മാത്രമല്ല മറ്റ് കയർഫെഡ് ഉത്പന്നങ്ങൾ ആയ കൊക്കോഫെർട്ട്, കയർ ടെൽസ് തുടങ്ങിയവയുടെ വിൽപനയിലും ഇദ്ദേഹത്തിന്റെ സഹായം ലഭിക്കുന്നുണ്ട്.

ശ്രീകുമാരൻ നായർ കഴിഞ്ഞ മൂന്ന് വർഷം സമാഹരിച്ച ഓർഡറുകളുടെ ഫലമായി കയർഫെഡ് നടത്തിയ വിൽപനയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| **2018 2019** | **70,46,356** |
| **2019 2020** | **23,12,486** |
| **2020 2021** | **54,30,365** |
| **ആകെ** | **1,47,89,207** |

ഈ പ്രത്യേക അവസരത്തിൽ സെയിൽസ് പ്രമോഷൻ കോ–ഓർഡിനേറ്ററായ ശ്രീകുമാരൻ നായർ, നൽകുന്ന സേവനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. കയർഫെഡിന്റെ വിൽപന വർദ്ധിപ്പിക്കുന്നതോടൊപ്പം കയർഫെഡിന്റെ വളർച്ചയും, അതിലൂടെ സെയിൽസ് പ്രമോഷൻ കോ–ഓർഡിനേറ്റർമാർക്ക് മികച്ച വരുമാനവും കൂടി ലഭിക്കുന്ന ഈ പദ്ധതിയിൽ അംഗങ്ങളാകാൻ താത്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു



# ചരിത്രത്തിലൂടെ കയർ (1)

**ശ്രീവർദ്ധൻ നമ്പൂതിരി,**
**മാർക്കറ്റിംഗ് മാനേജർ,**
**കയർഫെഡ്**

**നൂ**റ്റാണ്ടുകൾ പഴക്കമുള്ള ചരിത്രപെരുമയാണ് കയറിനും കയർ ഉത്പന്നങ്ങൾക്കുമുള്ളത്. കയറിന്റെ ചരിത്രവും പരിണാമവും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പംക്തി ഇവിടെ ആരംഭിക്കുകയാണ്. എല്ലാ വായനക്കാർക്കും ഈ പംക്തി വിജ്ഞാനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു. പുതുസമുദ്രപാതകളുടെ പര്യവേക്ഷണവും മനുഷ്യന്റെ സാഹസികതയോടുള്ള അടങ്ങാത്ത അഭിവാഞ്ജയും ലോകത്തിന്റെ ചരിത്രം തന്നെ മാറ്റിമറിച്ചു. പുതിയ സാധ്യതകളും പുതിയ ഉത്പന്നങ്ങളും ചരിത്രത്തിൽ എഴുതിച്ചേർക്കപ്പെട്ടു. കയറിന്റെ ചരിത്രവും ഇവിടെ ആരംഭിക്കുന്നു.

ഭൂഖണ്ഡാന്തരം കപ്പൽ യാത്രകളുടെ ആരംഭകാലത്തുപോലും പായക്കപ്പലുകളിൽ കയറും, കോർഡേജുകളും ഉപയോഗിച്ചിരുന്നതായി 11-ാം നൂറ്റാണ്ടിലെ ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. മാർക്കോപോളോയുടെ 12-ാം നൂറ്റാണ്ടിലെ യാത്രാവിവരണങ്ങളിൽ, അറബ് വംശജരുടെ ഉരുകളിൽ ചകിരിനാരും കയർ തടുക്കുകളും ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 13-ാം നൂറ്റാണ്ടോടെ ഉരു നിർമ്മാണത്തിൽ കയർ ഒരു പ്രധാന പങ്ക് വഹിച്ചു തുടങ്ങി. പിന്നീട് 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കൃത്യമായി പറഞ്ഞാൽ 1840 ൽ ക്യാപ്റ്റൻ വൈലി, ക്യാപ്റ്റൻ ലോഗൻ, തോമസ് ട്രിലോർ എന്നിവർ ചേർന്ന് ലണ്ടൻ നഗരത്തിലെ ലഡ്ഗേറ്റ് ഹിൽ എന്ന പ്രദേശത്ത് ഇറക്കുമതി ചെയ്ത കാർപ്പെറ്റുകൾ വിൽക്കുന്നതിനായി ' ട്രിലോർ ആൻഡ് സൺസ് ' എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചു. അതുവഴി ഒരു പുതിയ വിപണി സൃഷ്ടിക്കപ്പെടുകയായിരുന്നു.

ചകിരിയുടെ വിവിധങ്ങളായ ഉപയോഗത്തെപ്പറ്റി



ആദ്യമായി തിരിച്ചറിഞ്ഞത് ഇന്ത്യയിലും, സിലോണിലും (നിലവിലെ ശ്രീലങ്ക) ആണെന്ന് കരുതപ്പെടുന്നു. ഇന്ത്യയിൽ തന്നെ, കേരളത്തിന്റെ സമ്പദ്ഘടനയുടെ ജീവനാഡിയായി കയർ മാറിയതിൽ അത്ഭുതമില്ല. തീരമേഖല, കാലാവസ്ഥ, നദികൾ, കായലോരങ്ങൾ വിശലമായ സമതലങ്ങൾ എന്നിവയെല്ലാം അനുകൂല സാധ്യതകൾ നൽകി.

കേരളത്തിലെ നാളികേര ഉത്പാദനം നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടു. കാലാന്തരത്തിൽ തൊണ്ട്, ചകിരി എന്നിവ ഇവിടുത്തെ മനുഷ്യരുടെ ജീവിതവും സംസ്കാരവുമായി ഇഴുകിച്ചേർന്നു.

*(തുടരും...)*



# ചകിരി സംഭരണം: കയർഫെഡിന് റെക്കോർഡ് പുരോഗതി




**അനിൽകുമാർ എസ്.**
**മാർക്കറ്റിംഗ് മാനേജർ, കയർഫെഡ്**


**ക**യർഫെഡിന്റെ ചകിരി വിതരണത്തിൽ 2020–21 സാമ്പത്തിക വർഷത്തിൽ ഗണ്യമായ വളർച്ചയാണ് നേടിയത്. കേരളത്തിനകത്ത് ഉത്പാദിപ്പിക്കുന്ന ചകിരി പരമാവധി സൊസൈറ്റികളിലേക്ക് എത്തിക്കുവാനും സാധിച്ചിട്ടുണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച് അസൂയാവഹമായ വളർച്ചയാണ് ചകിരി സംഭരണത്തിൽ 2020–21 ൽ കയർഫെഡ് നേടിയിട്ടുള്ളത്. ഈ കാലയളവിൽ കോവിഡ് മഹാമാരിയുടെ പ്രതികൂല സാഹചര്യത്തിൽ പോലും ഇത്തരത്തിൽ വളർച്ച നേടുവാൻ കഴിഞ്ഞത് വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റേയും കയർഫെഡ് മാനേജ്മന്റിന്റെയും കൃത്യമായ ഇടപെടലുകൾകൊണ്ടു മാത്രമാണ്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ചകിരിയുടെ വില വർദ്ധന നിയന്ത്രണ വിധേയമാക്കുവാൻ സർക്കാരിന്റെയും കയർഫെഡിന്റെയും ഇടപെടലുകൾ വഴി സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രയോജനം മുഴുവനായി ലഭിക്കുന്നത് കയർ സൊസൈറ്റികൾക്കാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചകിരിയുടെ പരമാവധി വിലയായി 23 രൂപയാണ് നിശ്ചയിച്ചിരുന്നത്. ഈ വിലയിൽ വർദ്ധനവ് വരുത്താതെ കഴിഞ്ഞ വർഷം മുഴുവൻ ചകിരി വിതരണം ചെയ്യുവാൻ കയർഫെഡിന് കഴിഞ്ഞു.

2020–21 വർഷത്തിൽ മുൻ വർഷത്തെക്കാൾ 72.28% വർദ്ധനവാണ് ചകിരി സംഭരണത്തിൽ നേടാനായത്. 2019–20 വർഷത്തിൽ 65864.61 ക്വിന്റൽ ചകിരി സംഭരിച്ചപ്പോൾ 2020–21 വർഷത്തിൽ 113474.76 ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട്.

കേരളത്തിന് അകത്തുനിന്നുള്ള ചകിരി സംഭരണത്തിൽ തന്നെ 59% വർദ്ധനവാണ് ഈ കാലയളവിൽ കയർഫെഡ് നേടിയിട്ടുള്ളത്. നിലവിലെ കേരളത്തിന് പുറത്തുള്ള ചകിരി സംഭരണം ടെൻഡർ നടപടി പൂർത്തീകരിച്ച് നടത്തിയതിനാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ചകിരിയുടെ വില ഏകീകരിക്കുവാനും വില കുറച്ച് വാങ്ങുവാനും സാധിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കയർഫെഡ് നടത്തിയിട്ടുള്ള ശക്തമായ ഇടപെടലുകളും നടപടികളും കയർ വ്യവസായത്തിന് തന്നെ വലിയൊരു മുതൽക്കൂട്ടാണ്.

ഈ കാലയളവിൽ കേരളത്തിന് അകത്തുനിന്നുള്ള ഡീഫൈബറിംഗ് യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന മുഴുവൻ ചകിരിയും കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഈ ചകിരി സംഭരിക്കുകയും അതിന്റെ വിലയാതൊരു കാലതാമസവും കൂടാതെ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കയർഫെഡ് വഴിയുള്ള ചകിരി സംഭരണം കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞത് സംസ്ഥാനത്ത് കയർ ഉത്പാദനം വർദ്ധിപ്പിക്കുവാൻ സഹായകരമായി എന്നത് ഏറെ അഭിമാനകരമാണ്.

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri.Biswanath Sinha IAS, Principal Secretary, Coir | 0471-2336602 | 9895122282 |
| 2 | Sri.V.R.Vinod IAS, Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar, Special Officer (Coir) | 0471-2322046 | |
| 4 | Sri.K.S Pradeep Kumar, ADCD | 0471-2322046 | 9447811624 |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R, Coir Development Dept. | 0471-2322046 | 9447245611 |
| 8 | Shri.C.Abhishek, Spl. Officer, Coir Dept. | 0471-2322046 | 9895671981 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Sheela S, IAO & PM | 8281009871 | 9495967161 |
| 4 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 5 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri. Anoop Roy. R.P, QCO | 9388682432 | |
| 11 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 12 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 13 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 14 | Smt. L. Leena, Regional Officer, Alappuzha | 0477-2246272 | 8281009832 |
| 15 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 16 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 17 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 18 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 19 | Sri.BabuVijayanath, Depot Manager, Alappuzha | 8281009872 | 9847222027 |
| 20 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 21 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 22 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 23 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 24 | Shri.Nagappan, Dispatch Supervisor, PVCT Unit | 8330010737 | 8075250903 |
| 25 | Ramla Beevi.H, Central Stores Manager i/c | 0477-2242471 | |



ബിനാലെയിൽ റ്റി.കെ. അനിതയുടെ അക്രിലിക് രചന



പി.വി.വേണുഗോപാൽ

# ലോകമേ തറവാട്

## ആലപ്പുഴയിലെ ആദ്യ ബിനാലെ

**ബി**നാലെ ആലപ്പുഴ നഗരത്തെയാകെ ഒരു വിശാല ക്യാൻവാസായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. കോവിഡ് കാലത്തിന്റെ ദുഖദുരിതങ്ങൾക്കുമേൽ പ്രത്യാശയുടെ വർണ്ണങ്ങളണിഞ്ഞ് നഗരത്തിലെ വിശാലമായ ചുവരുകളും, ചരിത്രമുറങ്ങുന്ന ഫാക്ടറികളുടേയും പണ്ടകശാലകളുടെയും ഭിത്തികളും മികവുറ്റ കലാസൃഷ്ടികളായി പുനരുജ്ജീവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ കൊച്ചി ബിനാലെ ഫൗണ്ടേഷൻ ആലപ്പുഴ ബിനാലെ സംഘടിപ്പിച്ചിട്ടുള്ളത്. പ്രശസ്ത മലയാളി ചിത്രകാരനായ ബോസ് കൃഷ്ണമാചാരി ക്യൂറേറ്റ് ചെയ്യുന്ന ആലപ്പുഴ ബിനാലെയെന്ന വലിയ ക്യാൻവാസിൽ വർണ്ണം പുരട്ടുന്നത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 279 മലയാളി കലാകാരൻമാരാണ്. ആലപ്പുഴയിലെ ഈ ആദ്യ ബിനാലെയിൽ 3,400 കലാ സൃഷ്ടികളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്. ഗാന്ധിജിയുടെ അതിമഹത്തായ ജീവിതദർശനങ്ങളും വിശ്വമാനവികതയും വരച്ചുകാട്ടുന്ന 'എന്റെ ഗുരുനാഥൻ' എന്ന വള്ളത്തോൾ കവിതയിലെ

''ലോകമേ തറവാടു തനിക്കീ ചെടികളും പുൽകളും പുഴുക്കളും
കൂടിത്തൻ കുടുംബക്കാർ ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി''

എന്ന വരികളിൽനിന്നാണ് ആലപ്പുഴ ബിനാലെയുടെ പ്രമേയം രൂപപ്പെടുത്തിയിട്ടുള്ളത്. മുസിരിസ് പൈതൃക പദ്ധതിക്കു കീഴിൽ കേരള സർക്കാർ ടൂറിസം സാംസ്കാരിക വകുപ്പുകളുടെയും ആലപ്പുഴ പൈതൃക പദ്ധതിയുടെയും പിന്തുണയോടെ കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിച്ചിരിക്കുന്ന 'ലോകമേ തറവാട്' കേരള സ്റ്റേറ്റ് കയർ കോർപറേഷൻ, ന്യൂ മോഡൽ സൊസൈറ്റി ബിൽഡിങ്, പോർട്ട് മ്യൂസിയം, ഈസ്റ്റേൺ പ്രൊഡ്യൂസ് കമ്പനി ലിമിറ്റഡ്, വില്യം ഗുഡേക്കർ ആന്റ് സൺസ് പ്രൈവറ്റ് ലിമിറ്റഡ്, എന്നീ അഞ്ചു വേദികളിലും എറണാകുളം ദർബാർ



ഹാളിലുമായാണ് നടന്നുവരുന്നത്. കോവിഡെന്ന മഹാമാരിക്കാലത്ത് വീടുകളിലൊതുങ്ങുന്ന മനുഷ്യ ചൈതന്യത്തെ പുനരുജ്ജീവിപ്പിക്കാനും ഉയിർത്തെഴുന്നേൽപ്പിക്കാനും പൂവിനോടും പുൽക്കൊടിയോടും ആ ചൈതന്യത്തെ സമീകരിക്കാനുമുള്ള കലയുടെ ശക്തിയെ പ്രദാനം ചെയ്യുകയാണ് പ്രദർശനത്തിന്റെ പ്രാഥമിക ലക്ഷ്യമെന്ന് പറയാൻ രണ്ടാമതൊരു ആലോചന ആവശ്യമില്ല.

വീട്, ചുറ്റുപാടുകൾ, ലോകം എന്നിവയെക്കുറിച്ച് നമ്മളിൽ രൂഢമൂലമായ ആശയങ്ങളെക്കുറിച്ച് ചില പ്രധാന ചോദ്യങ്ങൾ ചോദിക്കാനും ഈ പ്രദർശനം മടിക്കുന്നില്ല. ചിത്രം, ശിൽപം, ന്യൂമീഡിയ, വുഡ് കാർവിങ്, ഇൻസ്റ്റലേഷനുകളും വിഡിയോ ആർട്ടുകളും, കേരളത്തിന്റെ വിവിധ മുഖങ്ങൾ വ്യക്തമാക്കുന്ന ചിത്രങ്ങളും ഫോട്ടോഗ്രഫി ആർട്ടുകളുമടക്കം വിവിധ വിഭാഗങ്ങളിലാണ് കലാകാരന്മാർ ഈ പ്രദർശനത്തിൽ കാണികളുമായി സംവദിക്കുന്നത്. സമകാലിക കലയെക്കുറിച്ചുള്ള പൊതു സംവാദം സമ്പന്നമാക്കാനും ആഗോള സമകാലിക ദൃശ്യ കലാ സിദ്ധാന്തവും സമ്പ്രദായവും സൗന്ദര്യശാസ്ത്രവും കലാ അനുഭവങ്ങളും ഇന്ത്യൻ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമുള്ള പ്ലാറ്റ്ഫോം സൃഷ്ടിക്കാനുമുള്ള ഒരു ചുവടുവെപ്പ് കൂടിയാണ് ആലപ്പുഴ ബിനാലെ.

പേര് സൂചിപ്പിക്കുന്നത് പോലെ, ലോകമേ തറവാട് ഇന്ത്യ ആസ്ഥാനമായുള്ള മലയാളി കലാകാരന്മാരെയും നെതർലാൻഡ്സ്, ഫ്രാൻസ്, ഓസ്ട്രേലിയ, തുർക്കി, ജർമ്മനി, ഇംഗ്ലണ്ട്, കുവൈറ്റ്, ദുബായ്, യുഎസ് തുടങ്ങിയ രാജ്യങ്ങളിലെ മലയാളി കലാകാരന്മാരേയും ഒരുമിപ്പിക്കുന്ന ഒരു വലിയ കലാപ്രദർശനമാണ്. ദീർഘകാലം നീണ്ടു നിൽക്കുന്ന ഇത്തരമൊരു പ്രദർശനം ഇന്ത്യയിൽ മറ്റെവിടെയും നടന്നിട്ടുണ്ടാകില്ല. മൂല്യമുള്ള സൃഷ്ടികളുടെ പ്രദർശനം മലയാളികൾക്ക് ഒരു വേദിയിൽ നിന്നുതന്നെ കാണാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. ലോകമേ തറവാട് വാണിജ്യപരമായ ഒരു പ്രദർശനമല്ലെങ്കിലും പൊതുജനങ്ങൾക്ക് കലാകാരന്മാരുടെ സൃഷ്ടികൾ വാങ്ങാൻ സാധിക്കും.

ബിനാലെ ആലപ്പുഴയുടെ വികസനത്തിന് വഴികാട്ടിയാകുമെന്ന് പ്രശസ്ത കലാകാരനും ബിനാലെ സംഘാടകനുമായ ബോസ് കൃഷ്ണമാചാരി പറയുന്നു. ചരിത്രപരമായി ഏറെ പ്രത്യേകതകൾ ഉള്ള നഗരമാണ് ആലപ്പുഴയെന്നും ആലപ്പുഴയുടെ ചരിത്രവും പൈതൃകവും ലോകത്തിനു മുന്നിൽ ഈ ബിനാലെയിലൂടെ തുറന്നു കാണിക്കപ്പെടുമെന്നും അദ്ദേഹം പറയുന്നു. പ്രദർശനത്തിനുശേഷം ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി മ്യൂസിയമാക്കി മാറ്റാവുന്ന രീതിയിലാണു വേദികളാകെ നവീകരിച്ചിട്ടുള്ളത്. ചരിത്ര പ്രാധാന്യമുള്ള ഫാക്ടറികളുടേയും പണ്ടകശാലകളേയും ഗാലറികളായി രൂപാന്തരപ്പെടുത്തുന്ന ലോകമേ തറവാട് ആലപ്പുഴയെ അതിന്റെ പഴയകാല പ്രൗഢിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള ഒരു ചുവടുവെപ്പായിരിക്കുമെന്നാണ് സംഘാടകരുടേയും ഉറച്ച വിശ്വാസം.



*ബിനാലെയുടെ ഭാഗമായി ആലപ്പുഴ നഗരത്തിലെ ചുവരുകളിൽ വരച്ച ചിത്രങ്ങളിലൊന്ന്*


## പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ..

പുൽകളും പൂക്കളും പുഴകളുമെല്ലാം നിറഞ്ഞതാണ് ലോകമേ തറവാട് പ്രദർശനത്തിലെ അനിത ടി.കെ. യുടെ അക്രിലിക് ചിത്രം. ആകാശത്തിലും ഭൂമിയിലും അന്തരീക്ഷത്തിലുമൊക്കെ നിറഞ്ഞു തുടിക്കുന്ന ഗ്രാമ ഭംഗി. പക്ഷേ,കോവിഡെന്ന മഹാമാരി വിതച്ച അകൽച്ചയുടെ, വിഷാദത്തിന്റെ, ആകാംക്ഷയുടെ ഛവി ചിത്രത്തിലാകെ നിറഞ്ഞിരിക്കുന്നു. ഈയൊരു ചിത്രം മാത്രമല്ല പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ ഊട്ടി ഉറപ്പിക്കുന്ന ചിത്രങ്ങളും ശിൽപങ്ങളും ഇൻസ്റ്റലേഷനുകളുമാണ് പ്രദർശനത്തിലാകെ. ഒപ്പം സമകാലിക സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളും വിശദമായി പ്രതികരിക്കുന്നുണ്ട് ആലപ്പുഴ ബിനാലെ.

'ലോകമേ തറവാട്' കലാപ്രദർശനത്തിന്റെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണ് നഗരവത്കരണവും കുടിയേറ്റവുമെന്ന ജോർജ്ജ് മാർട്ടിന്റെ കലാസൃഷ്ടി. വർണ്ണശബളമായ കാര്യങ്ങൾക്ക് മറ്റൊരു തലം കൂടി ഉണ്ടാകുമെന്നും ഇവ രണ്ടും ചേർന്നാൽ ദർശിക്കാൻ കഴിയുന്ന പ്രതിബിംബം ഏറ്റവും ഭംഗിയുള്ളതായിരിക്കുമെന്നും അതാണ് തന്റെ സൃഷ്ടികളിൽ കാണാൻ കഴിയുന്നതെന്നും ജോർജ് മാർട്ടിൻ പറയുന്നു. സമൂഹത്തിന്റെ പല കോണുകളിൽ നിന്നും പലപ്പോഴായി ദർശിക്കാൻ സാധിച്ചിട്ടുള്ള സംഭവങ്ങൾ മറ്റൊരു തലത്തിൽ പകർത്തിയെഴുതാനാണ് ഈയൊരു ചിത്രത്തിലൂടെ കലാകാരൻ ശ്രമിച്ചിട്ടുള്ളത്. ജോർജ് മാർട്ടിന്റെ രണ്ട് കലാസൃഷ്ടികളാണ് കലാ പ്രദർശന വേദിയിലുള്ളത്. അങ്കമാലി സ്വദേശിയായ ജോർജ് മാർട്ടിൻ ഉപരിപഠനത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നും മറ്റു സംസ്ഥാനത്തേക്ക് കുടിയേറിയതാണ്. കുട്ടിക്കാലം മുതൽ ഇപ്പോൾ ഡൽഹിയിലെ ജീവിതം വരെയുള്ള യാത്രയിൽ സമൂഹത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളാണ് കലാസൃഷ്ടിയിൽ പ്രതിഫലിക്കുന്നത്.

തൃശൂർ സ്വദേശി കെ.എസ്. അരുൺ കലാപ്രദർശനത്തിന്റെ ഭാഗമായി പോർട്ട് മ്യൂസിയത്തിൽ ചാണകവും ചുണ്ണാമ്പും വെട്ടു കല്ലും മണ്ണും ഉപയോഗിച്ച് ഒരുക്കിയിട്ടുള്ള ഇൻസ്റ്റലേഷൻ പ്രകൃതിയുടെ മറ്റൊരു നേർക്കാഴ്ചയാണ്. 20 അടി നീളവും 15 അടി വീതിയും രണ്ടടി ഉയരവുമുള്ളതാണീ ഇൻസ്റ്റലേഷൻ. വെട്ടുകല്ലിലാണ് അടിഭാഗം ഒരുക്കിയിരിക്കുന്നത്. മുന്ന് കല്ലിന്റെ ഉയരത്തിലാണിത് കെട്ടിപ്പൊക്കിയത്. ഇതിനു മുകളിലായി ബറോഡയിൽ നിന്നും ശേഖരിച്ച 51 ഓളം വരുന്ന വിവിധ നിറത്തിലുള്ള മണ്ണുകൾ ഉപയോഗിച്ച് നിർമിച്ചിരിക്കുന്ന അയ്യായിരത്തോളം പുറ്റുകളുമുണ്ട്. വിവിധ നിറങ്ങളിലുള്ള പുറ്റുകളാണ് നിർമിച്ചിരിക്കുന്നത്. പുറ്റുകൾ തയാറാക്കുന്നതിന്റെ പകുതി ജോലികൾ ചെയ്തത് ഗുജറാത്തിലെ ബറോഡയിലായിരുന്നു. ആലപ്പുഴയിൽ എത്തിയ ശേഷമാണ് ഇവയോരോന്നും കൂട്ടിച്ചേർത്തത്. പ്രകൃതിയെ തെല്ലും നോവിക്കാതെ പ്രകൃതിയോട് ഇണങ്ങി ജീവിക്കുക, നമ്മൾ കളയുന്ന ഓരോ വസ്തുവിലും കല ഉൾപ്പെട്ടിട്ടുണ്ട് തുടങ്ങിയവ വരച്ചുകാട്ടുന്നതാണീ ഇൻസ്റ്റലേഷൻ. വിവിധ മണ്ണിനങ്ങൾ, കുന്നിക്കുരു, മഞ്ചാടി, തടി കഷ്ണങ്ങൾ തുടങ്ങി ഇവിടെ എത്തിയ ദിവസം മുതൽ പോർട്ട് മ്യൂസിയത്തിന്റേയും സമീപ പ്രദേശങ്ങളിൽ നിന്നും ശേഖരിച്ച വസ്തുക്കളും അരുൺകുമാർ ഇൻസ്റ്റലേഷനിൽ ഉപയോഗിച്ചിട്ടുണ്ട്.

ആധുനികതയുടെ പര്യായമായ സൈബർ ലോകത്തിനും പ്രദർശനത്തിലിടമുണ്ട്. എറണാകുളം സ്വദേശിയായ രാധ ഗോമതിയാണ് ബിനാലെയിൽ ''ആപ്പ് ചിത്രങ്ങൾ'' ഒരുക്കിയിട്ടുള്ളത്. വരയ്ക്കൊപ്പം എഴുത്തും വശമുള്ള രാധ അവിചാരിതമായാണ് ആപ്പിലൂടെയുള്ള ചിത്രരചനയിലേക്ക് കടന്നു വന്നത്. 2018ലാണ് 'എച്ച്. ഡബ്ല്യു മെമോ' എന്ന അപ്ലിക്കേഷൻ വഴി രാധ ആദ്യമായി ചിത്രം വരച്ചു



'ലോകമേ തറവാട്' കലാപ്രദർശനത്തിൽ നഗരവത്കരണവും കുടിയേറ്റവുമെന്ന ജോർജ് മാർട്ടിന്റെ കലാസൃഷ്ടി.

തുടങ്ങിയത്. സുഹൃത്തുക്കൾ വഴിയാണ് ആപ്പിന്റെ സാധ്യത തിരിച്ചറിഞ്ഞത്. പിന്നീട് ലോക്ക്ഡൗൺ കാലത്തെ സമ്മർദ്ധമാണ് തന്നെ മുഴുവൻ സമയ ആപ്പ് കലാകാരിയാക്കി മാറ്റിയതെന്നും രാധ പറഞ്ഞു. സാമൂഹികമായി അകലം പാലിക്കാൻ പറ്റില്ല എന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് കലയെന്നും അവർ പറയുന്നു. ലോക്ഡൗൺ കാലത്ത് ഓരോ ആഴ്ചയും രണ്ടോ മൂന്നോ ദിവസം കൂടുംമ്പോൾ ചിത്രങ്ങൾ വരയ്ക്കുകയും അത് സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവെക്കുകയും ചെയ്തു. അത് പിന്നീട് തന്റെ ഒരു ആവശ്യമായി മാറുകയായിരുന്നുവെന്നും രാധ പറയുന്നു. വരയ്ക്കുന്ന ഓരോ ചിത്രത്തിനൊപ്പം ഒരു വരി കവിത കൂടി ചേർത്താണ് രാധ സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്നത്. സമൂഹത്തിൽ പ്രകടമായ കാഴ്ചകൾ, രഹസ്യങ്ങൾ, പ്രണയം, കലഹം, എന്നിവയെല്ലാം ഇടകലർന്നതാണ് ഓരോ ചിത്രങ്ങളും. ചിത്രം മറ്റുള്ളവരിലേക്ക് എത്തുമ്പോൾ അവർ കാണുക എന്നുള്ളത് തന്റെ ആവശ്യമായിരുന്നു. നേരിട്ട് കണ്ടില്ലെങ്കിലും അവരുമായി സംവദിക്കാൻ സാധിക്കുന്നു എന്നുള്ളതും വലിയ സംതൃപ്തിയാണ് തരുന്നതെന്നും രാധ പറയുന്നു. ആപ്പ് വഴി വരച്ച ചിത്രങ്ങളിൽ ഏറ്റവും പ്രിയപ്പെട്ട 87 ചിത്രങ്ങൾ ആണ് രാധ ഗോമതി ലോകമേ തറവാട് കല പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മലയാളി വേരുകളുള്ള 279 കലാകാരന്മാരുടെ 3400 സൃഷ്ടികളാണ് ലോകമേ തറവാട് കലാപ്രദർശനത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. ആലപ്പുഴയിൽ നിന്നുള്ള പത്തോളം കലാകാരന്മാരുമുണ്ട്. ദിവസവും 325 പേർക്ക് കലാപ്രദർശനം സന്ദർശിക്കാൻ സാധിക്കും. രാവിലെ പത്ത് മണി മുതൽ വൈകുന്നേരം 7 മണി വരെ ആണ് പ്രദർശന സമയം. സർക്കാർ സമയാസമയങ്ങളിൽ നിർദ്ദേശിക്കുന്ന കോവിഡ്19 നിബന്ധനകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പ്രവേശനം. പത്തു വയസിനു താഴെയുള്ള കുട്ടികളെയും 60 വയസിനു മുകളിൽ പ്രായമുള്ളവരെയും പ്രവേശിപ്പിക്കുന്നതല്ല. മാസ്ക് ധരിച്ചും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുമാണ് സന്ദർശകർക്ക് പ്രവേശനം അനുവദിക്കുക. ജൂൺ 30 വരെയാണ് പ്രദർശനം.


ബിനാലെയിലെ ഇൻസ്റ്റലേഷനുകളിൽ ഒന്ന്



ബോസ് കൃഷ്ണമാചാരി

## താഴ്മതാൻ അഭ്യുന്നതി

സൗമ്യതയാണ് ബോസ് കൃഷ്ണമാചാരിയുടെ മുഖമുദ്ര. പ്രദർശന നഗരി സന്ദർശിക്കാനെത്തുന്ന ഏതൊരു സാധാരണക്കാരനോടും ആലപ്പുഴ ബിനാലേയുടെ മുഖ്യ സംഘാടകന്റെ തിരക്കോ, ആധുനിക ഇന്ത്യൻ ചിത്രകാരൻന്മാരിൽ പ്രമുഖനെന്ന പത്രാസോ ഇല്ലാതെ അദ്ദേഹം മധുരമായി സംസാരിക്കും. ആശയ വ്യക്തതക്കായോ സംശയനിവാരണത്തിനായോ എത്തുന്ന ഫോൺ വിളികളോട് പ്രിയങ്കരമായി പ്രതികരിക്കും.

എന്നാൽ മാമൂലുകളോടും അനാചാരങ്ങളോടും ജനവിരുദ്ധ ആശയങ്ങളോടും രൂക്ഷമായി കലഹിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രകൃതം. 60നോട് അടുക്കുമ്പോഴും ആ കലഹത്തിന് മങ്ങലില്ല. ശാസ്ത്രത്തിന്റെ ഭാഷയിൽ, കലയുടെ ഭാഷയിൽ കൂടുതൽ കൂടുതൽ ശക്തിയോടെ അതു തുടരുക തന്നെയാണദ്ദേഹം. 1963ൽ ആലുവയിലാണ് ഇദ്ദേഹം ജനിച്ചത്. 1985ൽ കൊച്ചിയിലെ കേരള കലാപീഠത്തിൽ നിന്നും ചിത്രകലയിൽ ഡിപ്ലോമ നേടിയ അദ്ദേഹം മുംബൈയിലെ ജെ. ജെ. സ്കൂൾ ഓഫ് ആർട്സിൽ നിന്നും ഫൈൻ ആർട്സിൽ ബിരുദം നേടി. ലണ്ടൻ സർവകലാശാലയിലെ ഗോൾഡ്സ്മിത്ത് കോളേജിൽ നിന്നാണ് വിഷ്വൽ ആർട്ട് തിയറി ആന്റ് പ്രാക്ടീസിൽ ബിരുദാനന്തര ബിരുദം നേടിയത്.ഡ്രോയിംഗ്, പെയിന്റിംഗ്, ശിൽപം, ഡിസൈൻ, ഇൻസ്റ്റലേഷൻ, വാസ്തുവിദ്യ എന്നിവയിലെല്ലാം ലോകോത്തര വൈദഗ്ധ്യമുള്ള ബോസ് കൃഷ്ണമാചാരിയുടെ വാസസ്ഥലവും പ്രധാന പ്രവർത്തന മണ്ഡലവും മുംബൈ ആണ് .

സിംഗപ്പൂർ, ഓസ്ട്രിയ, ചൈന, മിലാൻ, നോർവേ, ഡെൻമാർക്ക്, റോം, ആംസ്റ്റർഡാം, ദുബെയ്, മാഡ്രിഡ്, തുടങ്ങി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒറ്റക്കും കൂട്ടായും കലാപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട് ഇദ്ദേഹം. 1996 ലെ മിഡ് അമേരിക്ക ആർട്സ് അലയൻസ് അവാർഡ്, 1999 ൽ ചാൾസ് വാലസ് ഇന്ത്യ ട്രസ്റ്റ് അവാർഡ്, 1985 ൽ കേരള ലളിതകലാ അക്കാദമി അവാർഡ്, 2009 ൽ കേരള ലളിതകലാ അക്കാദമി ലൈഫ് ടൈം ഫെലോഷിപ്പ് തുടങ്ങിയ ബഹുമതികൾ നേടിയിട്ടുണ്ട്. ഇന്ത്യൻ സമകാലിക കലയിലെ അധികം അറിയപ്പെടാത്ത കലാകാരന്മാരെ മുൻനിരയിലേക്ക് കൊണ്ടുവരുവാനും, പുതുതലമുറയെ പ്രോത്സാഹിപ്പിക്കുവാനുമുള്ള നിരവധി പദ്ധതികൾ ബോസ് കൃഷ്ണമാചാരി ആസൂത്രണം ചെയ്ത് വിജയകരമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി അദ്ദേഹം മുംബൈയിൽ ബി.എം.ബി എന്ന ആർട്ട് ഗാലറിയും സ്ഥാപിച്ചിട്ടുണ്ട്.

ഇന്ത്യയിൽ സമകാലിക കലാപ്രവർത്തനത്തിനായുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ ഭരണകൂടങ്ങൾ പുലർത്തുന്ന നിസംഗതയെ രൂക്ഷമായി വിമർശിക്കുന്നതിൽ തെല്ലും മടികാണിക്കാറില്ല ഇദ്ദേഹം. ഇന്ത്യയിലെ ആദ്യത്തെ ബിനാലെയുടെ ആർട്ടിസ്റ്റിക് ഡയറക്ടറും കോ-ക്യൂറേറ്ററുമായിരുന്നു അദ്ദേഹം. കൊച്ചി-മുസിരിസ് ബിനാലെ 2012, കൊച്ചിമുസിരിസ് ബിനാലെ 2014 എന്നിവയുടെ ഡയറക്ടറും, കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ പ്രസിഡന്റുമാണ്.

മുഴുവൻസമയവും കലാ പ്രവർത്തനങ്ങളിലും അതിന്റെ സംഘാടനത്തിലും മുഴുകുന്നതിൽ ആനന്ദം കണ്ടെത്തുന്ന ബോസ് കൃഷ്ണമാചാരി വളർന്നു വരുന്ന യുവ കലാ പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജീവിതം തന്നെ ഉഴിഞ്ഞു വെച്ചിരിക്കുന്നു.

കലയുടെ ലിപിയും ഭാഷയും സാങ്കേതികതയും കൈവശം വെച്ച് അനുഭവിക്കുന്നവരല്ല, മറിച്ച് പകർന്ന് കൊടുക്കുന്നവരാണ് യഥാർത്ഥ കലാകാരൻ എന്ന വിശ്വസിക്കുന്ന ഇദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങൾക്ക് ലോക വ്യാപകമായി കൂടുതൽ കൂടുതൽ അംഗീകാരം ലഭിക്കുമ്പോഴും വിനയത്തിന്റെ പര്യായമാണ് ബോസ് കൃഷ്ണമാചാരി.



**'കയർരംഗത്തെ മൺമറഞ്ഞ കുലപതികൾ' എന്ന ഒരു പംക്തി ഈ ലക്കം മുതൽ കയർവ്യവസായം മാസികയിൽ ആരംഭിക്കുന്നു.**
**- ചീഫ്എഡിറ്റർ**

# തച്ചടി പ്രഭാകരൻ

''**ക**യർ രംഗത്തെ മൺമറഞ്ഞ കുലപതികൾ'' എന്ന ശീർഷകത്തിൽ ഒരുലേഖന പരമ്പര ആരംഭിക്കുവാൻ കയർ വ്യവസായം മാസിക തീരുമാനിച്ചപ്പോൾ ആദ്യം മനസിലേക്ക് ഓടിയെത്തുന്ന പേരാണ് കയർ ഫെഡ് സ്ഥാപക പ്രസിഡന്റ് തച്ചടി പ്രഭാകരന്റേത്. 1979 ഒക്ടോബറിൽ നാലു സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘങ്ങൾ സംയോജിപ്പിച്ച് കയർഫെഡ് രൂപീകരിച്ചപ്പോൾ ആദ്യ പ്രസിഡന്റായത് അന്ന് ആലപ്പുഴ കേന്ദ്ര കയർ വിപണന സഹകരണ സംഘം നമ്പർ ഒന്നിന്റെ പ്രസിഡന്റായിരുന്ന തച്ചടി പ്രഭാകരനായിരുന്നു.

ആലപ്പുഴ കേന്ദ്ര സഹകരണ സംഘത്തിന്റെ രജത ജൂബിലി വർഷത്തിലാണ് കയർഫെഡ് രൂപീകൃതമാകുന്നത്. അന്ന് ആലപ്പുഴ സെൻട്രൽ കയർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ രജതജൂബിലി സ്മാരകമായി നിർമ്മിച്ച ആസ്ഥാനമന്ദിരമാണ് കയർഫെഡിന്റെ ആലപ്പുഴയിലെ ഹെഡാഫീസായി ഇന്നും പ്രവർത്തിക്കുന്നത്. കയർഫെഡിന് കേരളത്തിലങ്ങോളമിങ്ങോളവും കേരളത്തിനുപുറത്തും നിരവധി വസ്തുവകകൾ സ്വന്തമായുണ്ട്. ഇത്തരത്തിൽ വസ്തുവകകൾ കയർ ഫെഡിന് ആർജ്ജിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. 1979 മുതൽ 9 വർഷക്കാലം തച്ചടി പ്രഭാകരൻ കയർഫെഡ് പ്രസിഡന്റായിരുന്നു. അന്നത്തെ കയർഫെഡിന്റെ ഡയറക്ടർ ബോർഡിൽ കയർ സഹകരണ മേഖലയിലെ മുൻനിര നേതാക്കളായിരുന്ന അംഗങ്ങൾ. പി.വിശ്വംഭരൻ വൈസ്പ്രസിഡന്റായിരുന്ന അന്നത്തെ ഡയറക്ടർ ബോർഡിൽ ആനത്തലവട്ടം ആനന്ദൻ, ജി. കാർത്തികേയൻ, കെ.എ. ബാലൻ, വി.എ പീതാംബരൻ, വി.കെ. കൃഷ്ണൻ, കെ.പി. നുറുദ്ദീൻ, റ്റി.വി. കോരൻ, എൻ. ലക്ഷ്മണൻ വൈദ്യൻ, ടി.എം. ജേക്കബ്, ഒ. ലൂക്കോസ്, ആർ. സുന്ദരേശൻ നായർ, വി.പി. രാമകൃഷ്ണപിള്ള, എൻ.എസ്. മന്നാടിയാർ, കയർവികസന ഡയറക്ടർ കെ. കൃഷ്ണൻ കുട്ടി നായർ എന്നിവരായിരുന്നു അംഗങ്ങൾ.



***ഇഴ മുറുക്കത്തോടെ...*** *കയർഫഡ് റീജിയണൽ ഓഫീസിന്റെ ഉദ്ഘാടനവേളയിൽ പി. വിശ്വംഭരൻ, ആനത്തലവട്ടം ആനന്ദൻ, എം.എം. ജമാലുദ്ദീൻ സാഹിബ് എന്നിവർ തച്ചടിയോടൊപ്പം.*

ആലപ്പുഴ ജില്ലയിൽ പത്തിയൂർ തച്ചടിയിൽ വേലായുധന്റെയും മുതുകുളം വേലിശേരിൽ കാർത്ത്യായനിയുടേയും എട്ടുമക്കളിൽ മൂന്നാമനായി 1936ൽ തച്ചടി പ്രഭാകരൻ ജനിച്ചു. തച്ചടി സോമൻ സഹോദരനാണ്. തച്ചടിയുടെ പിതാവിന് പച്ചതൊണ്ട്-ചകിരി വ്യാപാരമായിരുന്നു. കോൺഗ്രസിന്റെ വിദ്യാർഥി പ്രസ്ഥാനമായ കെ.എസ്.യു സംഘടനയിലൂടെയാണ് അദ്ദേഹം രാഷ്ട്രീയ രംഗത്തേക്ക് പ്രവേശിക്കുന്നത്. കായംകുളത്ത് ആറാട്ടുപുഴ കയർ ഉത്പാദിപ്പിക്കുന്ന കയർ മേഖലയിൽ അദ്ദേഹം സജീവമായി പ്രവർത്തിച്ചിരുന്നു. പച്ചതൊണ്ട് സമരത്തിന് നേതൃത്വം നൽകി. കായംകുളത്ത് കോൺഗ്രസിന്റെ നേതൃനിരയിലേക്ക് എത്തിയതോടുകൂടി തച്ചടി പ്രഭാകരൻ എന്ന രാഷ്ട്രീയ നേതാവ് ജനിക്കുകയായിരുന്നു. ഇരുപത്തി മൂന്നാമത്തെ വയസിലാണ് തച്ചടി കെ.പി.സി.സി അംഗമാകുന്നത്. മരണംവരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്ന് എന്നതും അപൂർവതയാണ്.

അറുപതുകളിൽ തച്ചടി പ്രഭാകരൻ സഹകരണ മേഖലയിലെ ഉന്നത പദവികളിൽ പ്രവർത്തിച്ചു. തച്ചടി പ്രഭാകരൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മുന്നിൽനിന്ന സുപ്രധാന വ്യക്തിയായിരുന്നു. രാഷ്ട്രീയ കക്ഷിഭേദമില്ലാതെ എല്ലാവിഭാഗം സഹകാരികളുടേയും ആദരവ് നേടുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

പത്തിയൂർ സർവീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായാണ് സഹകരണ ഭരണ നേതൃത്വത്തിലേക്ക് അദ്ദേഹത്തിന്റെ തുടക്കം. അക്കാലത്ത് പ്രദേശിക കയർ സംഘം പ്രതിനിധിയായി ആലപ്പുഴ കേന്ദ്ര കയർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രസിഡന്റാവുകയും ചെയ്തു. അക്കാലത്ത് കയർ സഹകരണ മേഖല ആകെത്തന്നെ പുനഃസംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി.



*പള്ളാത്തുരുത്തി, നെടുമുടി പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം.*

സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘത്തെ കയർ ഫെഡായി പരിവർത്തനം ചെയ്തപ്പോൾ സംസ്ഥാന സർക്കാരിന്റെ ലക്ഷക്കണക്കിന് രൂപയുടെ വായ്പകൾ ഓഹരിമൂലധനമായി മാറ്റി വാങ്ങുന്നതിലും, അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു.

കയർഫെഡിന് സ്ഥാവര സ്വത്തുക്കളും ഗോഡൗണുകളും ആഫീസുകളും സംസ്ഥാനത്തിനകത്തും പുറത്തും സമ്പാദിക്കുന്നതിലും അദ്ദേഹം കാണിച്ച ശ്രദ്ധയും കരുതലും എടുത്തുപറയേണ്ടതാണ്. സംസ്ഥാനത്തിന് പുറത്ത് കയർഫെഡിന്റെ സ്വന്തം ഷോറൂമുകൾ സ്ഥാപിച്ചുകൊണ്ട് കയറും കയറുത്പന്നങ്ങളുടെയും വിപണനം വികസിപ്പിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചിരുന്നു. സെൻട്രൽ കയർ മാർക്കറ്റിംഗ് സംഘത്തിന്റെ പ്രതിനിധിയായി കയർബോർഡിൽ എത്തിയ തച്ചടി പ്രഭാകരൻ അതിന്റെ വൈസ്ചെയർമാനായി വളരെക്കാലം പ്രവർത്തിച്ചു. കയർ ഉത്പന്നങ്ങളുടെ വിപണനത്തിനും പ്രചാരണത്തിനുമായി വിദേശ രാജ്യങ്ങളിലേക്ക് കേന്ദ്ര സർക്കാർ നിയോഗിച്ച പല പ്രതിനിധി സംഘങ്ങളിലും അദ്ദേഹം അംഗമായിരുന്നു. 1974 ൽ സിംഗപ്പൂർ, ആസ്ട്രേലിയ, ന്യൂസിലാന്റ്, ജപ്പാൻ, ഇംഗ്ലണ്ട്, അമേരിക്ക, കാനഡ, ഫ്രാൻസ്, ഇറ്റലി, നെതർലാന്റ്, ജർമ്മനി എന്നീരാജ്യങ്ങളും 1976ൽ ചില ആഫ്രിക്കൻ രാജ്യങ്ങളും മിഡിൽ ഈസ്റ്റ് രാജ്യങ്ങളായ കുവൈറ്റ്, സൗദിഅറേബ്യ, ബഹറിൻ, ഒമാൻ, യു.എ.ഇ എന്നിവയും കയർബോർഡ് പ്രതിനിധിയായി സന്ദർശിച്ച രാജ്യങ്ങളിൽപ്പെടും.

കയർ സഹകരണമേഖലയുടെ വികസനത്തിനും കയറുത്പന്നങ്ങളുടെ വിപണനത്തിനും തച്ചടിയുടെ സേവനങ്ങൾ എക്കാലത്തും ഓർമ്മിക്കപ്പെടുന്നതാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു തച്ചടി. 1974 ൽ തച്ചടി പ്രഭാകരൻ സംസ്ഥാന സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗമായി. 16 വർഷക്കാലം ആ സ്ഥാനത്ത് അദ്ദേഹം തുടർന്നു. 1976 ൽ സംസ്ഥാന സഹകരണ ബാങ്ക്വൈസ് പ്രസിഡന്റായി. 1980 ൽ സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റായ അദ്ദേഹം 1987 വരെ ആ സ്ഥാനത്ത് തുടർന്നു. സംസ്ഥാന ബാങ്ക് പ്രസിഡന്റായിരുന്നപ്പോൾ ബാങ്കിന് സ്ഥാവരജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിലും അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമാണ്. കന്റോൺമെന്റ് ഹൗസിനും മസ്ക്കറ്റ്ഹോട്ടലിനും നടുവിൽ സംസ്ഥാന തലസ്ഥാനത്തിന്റെ ഹൃദയഭാഗത്ത് ഇന്നും തലയെടുപ്പെടെ നിൽക്കുന്ന സംസ്ഥാന സഹകരണ ബാങ്കിന്റെ ബഹുനില ആസ്ഥാന മന്ദിരമായ കോബാങ്ക് ടവേഴ്സ് നിർമ്മിച്ചത് തച്ചടി പ്രഭാകരന്റെ കാലത്താണ്. സംസ്ഥാന യൂണിയൻ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിരുന്നു.



1980, 1982, 1991 എന്നീ വർഷങ്ങളിൽ അദ്ദേഹം കായംകുളത്ത് നിന്നും കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സരോജിനി ടീച്ചർ ആണ് ഭാര്യ, ബിജു പ്രഭാകർ ഐ.എ.എസ്, ബിനു തച്ചടി, ബിനോയി എന്നിവർ മക്കളാണ്.

1986 ൽ കരുണാകരൻ മന്ത്രിസഭയിൽ തച്ചടി പ്രഭാകരൻ ധനമന്ത്രിയായി. തച്ചടി മന്ത്രിയായിരിക്കുമ്പോഴാണ് ആലപ്പുഴ ജില്ലയിലെ പള്ളാത്തുരുത്തി, നെടുമുടി പാലങ്ങളുടെ നിർമ്മാണം നടന്നത്. സംസ്ഥാന മന്ത്രിയായിരുന്നപ്പോൾ തന്നെ അദ്ദേഹം കയർഫെഡ് പ്രസിഡന്റ്, സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ്, ദേശീയ സഹകരണ യൂണിയൻ വൈസ് പ്രസിഡന്റ്, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ, ആലപ്പുഴ സ്പിന്നിംഗ് മിൽ ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

തച്ചടി പ്രഭാകരൻ പ്രവർത്തിച്ച കർമ്മ മണ്ഡലം വളരെ വിപുലമാണ്. കേരള ധനമന്ത്രി, കയർഫെഡ് സ്ഥാപക പ്രഡിഡന്റ്, കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ്, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ആലപ്പുഴ ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ചെയർമാൻ, കയർബോർഡ് വൈസ് ചെയർമാൻ, ആലപ്പുഴ ജില്ലാ സഹകരണ ആശുപത്രി പ്രസിഡന്റ്, കെ.പി.സി.സി ജനറൽ സെക്രട്ടറി, കെ.പി.സി.സി വൈസ് പ്രസിഡന്റ്, എ.ഐ.സി.സി അംഗം, ആലപ്പുഴ ഡി.സി.സി പ്രസിഡന്റ്, ഡി.സി.സി ജനറൽ സെക്രട്ടറി, പത്തിയൂർ ഫാർമേഴ്സ് സഹകരണ ബാങ്ക് പ്രസിഡന്റ്, കേരള കബഡി അസോസിയേഷൻ പ്രസിഡന്റ്, മഹാകവി കുമാരനാശാൻ സ്മാരക സംഘം പ്രസിഡന്റ്, എസ്.എൻ.ട്രസ്റ്റ് എക്സി.അംഗം, പല്ലന മഹാകവി കുമാരൻ ആശാൻ സ്മാരക ഹൈസ്കൂൾ സ്ഥാപക മാനേജർ തുടങ്ങി നിരവധി സ്ഥാനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചു. തച്ചടി പ്രഭാകരനെന്ന രാഷ്ട്രീയ സാമൂഹിക സഹകരണ മേഖലയിൽ പ്രവർത്തിച്ച വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു ചെറുവിവരണം മാത്രമാണ് ഇവിടെ ചേർക്കുന്നത്. ഇത് പൂർണമല്ല.

ഒരു സാധാണ കോൺഗ്രസ് പ്രവർത്തകൻ എന്ന നിലയിൽ നിന്നും രാഷ്ട്രീയസാമൂഹിക മണ്ഡലങ്ങളിൽ നിറഞ്ഞു നിന്ന തച്ചടി പ്രഭാകരൻ 2000 ഫെബ്രുവരി 14ന് 64-ാം വയസിൽ അന്തരിച്ചു.

***(കടപ്പാട്: തച്ചടി പ്രഭാകരൻ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച തച്ചടി സ്മരണിക)***



*ആലപ്പുഴ സെൻട്രൽ കയർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ രജതജൂബിലി സ്മാരക മന്ദിരം. ഇപ്പോൾ കയർഫെഡിന്റെ ആസ്ഥാനമന്ദിരം.*

ആദ്യകാല കയർ സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
**(ചീഫ് എഡിറ്റർ)**



# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

മങ്ങംതറ ദേവൻ

## കടലുണ്ടി കയർ വ്യവസായ സഹകരണ സംഘം നമ്പർ.223




**കോ**ഴിക്കോട് ജില്ലയിൽ കടലുണ്ടി വില്ലേജിൽ 22.01.1958ൽ രജിസ്റ്റർ ചെയ്ത 15.02.1958ൽ പ്രവർത്തനം തുടങ്ങിയതാണ് കടലുണ്ടി കയർ വ്യവസായ സഹ കരണ സംഘം നമ്പർ 223. തുടക്കത്തിൽ കടലുണ്ടി റെയിൽവേ സ്റ്റേഷനടുത്തുള്ള പുഴയുടെ തീരത്ത് ഒരു ചെറിയ വർക്ക് ഷെഡിലാണ് പ്രവർത്തനം ആരംഭി ച്ചത്. പ്രകൃതി രമണീയമായ കണ്ടൽ കാടുകൾ നി റഞ്ഞതും, ദേശാടനപക്ഷികൾ വന്നു ചേരുന്നതു മായ ഒരു പ്രദേശമാണിവിടം.

സംഘത്തിന്റെ രൂപീകരണ വേളയിൽ പ്രസിഡന്റാ യിരുന്നത് പച്ചാട്ട് പത്മനാഭൻ ആയിരുന്നു. ആ കാല ഘട്ടത്തിൽ തൊണ്ട് പൂഴ്ത്തി തൊഴിലാളികൾ കൈ കൊണ്ട്അടിച്ചാണ് ചകിരിയുണ്ടാക്കിയിരുന്നത്. ഈ കാ ലയളവിൽ 25 അനുഭാവികളുൾപ്പടെ 317 അംഗങ്ങളാണ് സംഘത്തിലുായിരുന്നത്. പ്രധാനമായും ബേപ്പൂർ, കൊ യിലാണ്ടിഎന്നീഇനങ്ങളിൽഉള്ളകയറുകളാണ്ഇവിടെ ഉത്പാദിപ്പിച്ചിരുന്നത്. പിന്നീട് പൂഴ്ത്തിയ തൊണ്ട് ചകിരി മില്ലുകളിൽ കൊണ്ടുപോയി അടിച്ച് ചകിരി ഉത്പാദിപ്പിക്കാൻ തുടങ്ങി. വീടുകൾ കേന്ദ്രീകരിച്ചാണ് ഏറ്റവും കൂടുതൽ ഉത്പാദനം നടത്തിയിരുന്നത്. റെറ്റഡ് ഫൈബറിന്റെ കയറിന് നല്ല ഡിമാന്റുള്ള കാലഘട്ടമാ യിരുന്നു അന്ന്.

1975 കാലഘട്ടമായപ്പോഴും കൈ പിരിയ്ക്കു പുറ മേ പരമ്പരാഗത റാട്ടുകൾ ഉപയോഗിച്ച് റാട്ട് കൊയി ലാണ്ടി (മെഷീൻ യാൺ) എന്ന പേരിലുള്ള കയറുകൾ ഉത്പാദിപ്പിക്കുവാൻ ആരംഭിച്ചു. ഈ കയറിന് ആവ ശ്യക്കാർ ഏറെയായിരുന്നു. 1976ൽ തൊണ്ട് സംഭരണ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന് തൊണ്ട് ലഭിക്കാതെ വന്നു. സംഘത്തിന്റെ പ്രവർത്തന ത്തിന് ഇത് പ്രതിസന്ധിയുണ്ടാക്കിയപ്പോൾ തൊണ്ട് പ ിടിച്ചെടുക്കുന്നതിന് തൊഴിലാളികൾ രംഗത്ത് ഇറങ്ങു കയും ഇത് പോലീസ് കേസാവുകയും ചെയ്തു. 30 ദിവസത്തോളം തൊഴിലാളികൾ ഒളിവിൽ കഴിയേണ്ടി യും വന്നു. പിന്നീട് ജാമ്യത്തിലിറങ്ങി.



*കടലുണ്ടി കയർ വ്യവസായ സഹകരണ സംഘത്തിന്റെ എ.എസ്.എം. യൂണിറ്റ് വി.കെ.സി. മമ്മദ് കോയ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

1999-2000 ആയപ്പോഴേയ്ക്കും പുഴയിൽ തൊണ്ട് പൂഴ്ത്തുന്നത് നിരോധിച്ചപ്പോൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നവർക്ക് തൊഴിൽ ഇല്ലാതാവുകയും ധാരാളം പേർ മറ്റ് ജോലികളിലേക്ക് തിരിയുകയും ചെയ്തു. കടലുണ്ടി റെയിൽവേ സ്റ്റേഷന്റെ അടുത്ത് സ്ഥിതി ചെയ്തിരുന്ന സംഘം കടലുണ്ടി പഞ്ചായത്തിൽ ഉള്ള കോട്ടക്കത്ത് ഭാഗത്ത് 30 സെന്റ് സ്ഥലം വിലയ്ക്ക് വാങ്ങി സർക്കാർ സഹായത്തോടെ പുതിയ ബിൽഡിംഗ് ഉണ്ടാക്കുകയും ഐ.സി.ഡി.പി യൂണിറ്റായി 100 യന്ത്രവത്കൃത റാട്ടുകൾ സ്ഥാപിക്കുകയും എൻ.സി.ആർ.എം.ഐ മുഖേന തൊഴിലാളികൾക്ക് പരിശീലനം നൽകി പുതിയ ഇനം കയറുകൾ ഉത്പാദിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. ഇതിന്റെ ഫലമായി കൂടുതൽ ചെറുപ്പക്കാരായ തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ട് വരുവാൻ സാധിച്ചു. കയറിന് കെ.എം.ആർ.വൈ എന്ന പേര് നൽകുകയും ചെയ്തു.





*കടലുണ്ടി കയർ സംഘത്തിന്റെ കമ്മ്യൂണിറ്റി ഹാൾ*

2009-10 വർഷമായപ്പോൾ പരമ്പരാഗത റാട്ടിനു പകരം മോട്ടറൈസ്ഡ് ട്രെഡീഷണൽ റാട്ട് ഉപയോഗിച്ച് സംഘം പ്രവർത്തിക്കുവാൻ തുടങ്ങി. എല്ലാ കയറുകളും കയർഫെഡ് മുഖേനയാണ് വിപണനം നടത്തിയിരുന്നത്. അങ്ങനെ പരമ്പരാഗത റാട്ടുകൾ ഇല്ലാതാവുകയും ചെയ്തു.

2010-11 വർഷം ആയപ്പോഴേയ്ക്കും സംഘം പൂർണമായും യന്ത്രവത്കൃത യൂണിറ്റായി പ്രവർത്തിക്കാൻ തുടങ്ങി. നിലവിലെ റാട്ടുകൾ എല്ലാം മാറി ഇലക്ട്രോണിക്ക് റാട്ടുകൾ ഉപയോഗിച്ച് വിവിധതരം യാണുകൾ സംഘത്തിൽ ഉത്പാദിപ്പിക്കുവാൻ തുടങ്ങി. കൂടാതെ വിവിധയിനം തടുക്കുകളും, ചൂടിപ്പായകളും സംഘത്തിൽ ഉത്പാദിപ്പിച്ചിരുന്നു. എൻ.സി.ആർ.എം.ഐ, കയർ ബോർഡ് എന്നിവിടങ്ങളിൽ നിന്നും പരിശീലനം ലഭിച്ച പ്രഗത്ഭരായ തൊഴിലാളികളാണ് സംഘത്തിൽ ജോലി ചെയ്യുന്നത്.

2010-11 ൽ സംഘം സ്വന്തമായി ചകിരി ഉത്പാദിപ്പിക്കുവാൻ ആരംഭിച്ചു. എൻ.സി.ആർ.എം.ഐൽ നിന്നും 10 എച്ച്.പി ഡീഫൈബറിംഗ് മെഷീൻ ലഭിച്ചത് ഈ കാലയളവിലാണ്. ഇത് സംഘത്തിന്റെ ഉയർച്ചയ്ക്കും, ഉത്പാദന വർദ്ധനവിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും സഹായകരമായി. 2016-17 ൽ കെ.എസ്.സി.എം.എം.സി യിൽ നിന്നും ഒരു 10 എച്ച്.പി ഡീഫൈബറിംഗ് യൂണിറ്റ് മെഷീൻ കൂടി ലഭിച്ചു.

എന്നാൽ സംഘത്തിനാവശ്യമായ ഫൈബർ പൂർണമായും ഈ മെഷീൻ ഉപയോഗിച്ച് ഉത്പാദിപ്പിക്കുവാൻ സാധിച്ചിരുന്നില്ല. ഇത് പരിഹരിക്കുന്നതിന് വേണ്ടി കെ.എസ്.സി.എം.എം.സി യിൽ നിന്നും തന്നെ പതിനായിരം തൊണ്ടടിക്കാൻ ശേഷിയുള്ള 20 എച്ച്.പി ഇന്റഗ്രേറ്റഡ് ഡീഫൈബറിംഗ് മെഷീൻ സംഘത്തിന് ലഭിച്ചിട്ടുണ്ട്. ഇത് ഉപയോഗിച്ച് സംഘം സ്വന്തമായി പച്ചതൊണ്ട് സംഭരിച്ച് ചകിരി ഉത്പാദിപ്പിച്ച് വരുന്നു.



*കടലുണ്ടി കയർ വ്യസായ സഹകരണ സംഘംത്തിൽ സ്ഥാപിച്ച എ.എസ്.എം.മെഷീൻ*

2020–21ൽ 15 എ.എസ്.എം സംഘത്തിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 20 തൊഴിലാളികൾക്ക് ട്രെയിനിംഗ് ലഭിച്ചു. നല്ല രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഓരോ വർഷവും 600 കിന്റലിന് മുകളിലായി കയർ യാണും, ഫൈബറും ഉത്പാദിപ്പിക്കുവാൻ സംഘത്തിന് ഇപ്പോൾ കഴിയുന്നുണ്ട്. 15 എ.എസ്.എം പ്രവർത്തന യോഗ്യമായി കഴിഞ്ഞാൽ 1000 കിന്റലിനു മുകളിലായി യാൺ ഉത്പാദിപ്പിക്കുവാൻ സംഘത്തിന് കഴിയും. നിലവിൽ 100ൽ പരം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും അതുവഴി സംഘത്തിലെ തൊഴിലാളികൾക്ക് ഉയർന്ന വേതനം നൽകുന്നതിനും സംഘത്തിന് സാധിക്കുന്നുണ്ട്. ഭാവിയിലും ഇത് തുടർന്ന് കൊണ്ട് പോകുവാൻ കഴിയും എന്ന ശുഭാപ്തി വിശ്വാസം സംഘം ഭരണസമിതിയ്ക്കും തൊഴിലാളികൾക്കും ഉണ്ട്.

ഈ കാലഘട്ടങ്ങൾക്കുള്ളിൽ സംഘത്തിന്റെ ആദ്യ പ്രസിഡന്റായ പച്ചാട്ട് പത്മനാഭനുശേഷം പ്രഗത്ഭരായ മറ്റു പ്രസിഡന്റുമാർ സംഘത്തിന്റെ ഭരണസാരഥ്യം വഹിച്ചിട്ടുണ്ട്. തൈക്കൂട്ടത്തിൽ ശ്രീധരൻ, പിണ്ണാണത്ത് കുട്ടായി, തേറാണി ശങ്കരൻ, പടിഞ്ഞാറയിൽ ഭാസ്കരൻ എന്നിവരെല്ലാം സംഘം പ്രസിഡന്റുമാരായി സേവനം അനുഷ്ഠിച്ചു. മൺമറഞ്ഞുപോയ ഈ മഹത് വ്യക്തികൾ എല്ലാം സംഘത്തിന്റെ അഭിവൃദ്ധിയ്ക്ക് വേണ്ടി ഒട്ടനവധി ക്ലേശങ്ങൾ സഹിച്ചിട്ടുള്ളവർ ആണ്.

നിലവിൽ പിണ്ണാണത്ത് ശശീന്ദ്രൻ ആണ് 2008 മുതൽ സംഘത്തിന്റെ പ്രസിഡന്റായി പ്രവർത്തിക്കുന്നത്. കൂടാതെ സംഘം സെക്രട്ടറിയായി അനിത.കെ.സിയും ഡയറക്ടർമാരായ മങ്ങംതറ ദേവൻ, തേനേരി ഗോപാലൻ, പച്ചാട്ട് ധർമ്മൻ, മടാംപാട്ട് പുഷ്പ, മുണ്ടേക്കാട്ട് മുരളി, ഷെജിഭായ്.എം, സഫിയ. വി.കെ, സുമിത്ര.പി എന്നിവരടങ്ങിയ 9 അംഗഭരണസമിതി ആണ് സംഘത്തെ നിലവിൽ മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നത്.



*പിണ്ണാണത്ത് ശശീന്ദ്രൻ*



*അനിത കെ.സി*

## കടലുണ്ടി കയർ വ്യസായ സഹകരണ സംഘം ഡയറക്ടർ ബോർഡ് അംഗങ്ങൾ













# ഉത്പന്ന വൈവിധ്യവുമായി കയർഫെഡ് തുമ്പൂർ യൂണിറ്റ്

എം.പി. നാരായണൻ നായർ

**ലോ**കഭൂപടത്തിൽ കേരളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്ന സുവർണ്ണ നാരുകളുടെ ഉപയോഗം നൂറ്റാണ്ടുകൾക്കുമുമ്പേ തന്നെ ലോക ശ്രദ്ധനേടിയിരുന്നു. ഉപ്പ് രസമുള്ള ജലാശയത്തിൽ 6 മാസം മുതൽ 10 മാസം വരെ തൊണ്ട് മൂടി കിട്ടുന്ന ചീഞ്ഞ തൊണ്ട് കൈകൊണ്ട് തല്ലിയാണ് ചകിരി നാരുകൾ ഉണ്ടാക്കിയിരുന്നത്.

പ്രകൃതിയിൽ അലിഞ്ഞുചേരുന്ന ചകിരിനാരുകൾ കൊണ്ടുള്ള കയറും കയർ ഉത്പന്നങ്ങളും ആഭ്യന്തര മാർക്കറ്റിലും വിദേശത്തും ഒട്ടേറെ പ്രചാരം നേടി. ഇങ്ങനെ വന്നപ്പോൾ സമയബന്ധിതമായി കൂടുതൽ ചകിരി ഉത്പാദിപ്പിക്കേണ്ടതിന്റെ ആവശ്യകത ഏറി. ഈ സാഹചര്യത്തിലാണ് പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ചകിരിഉത്പാദന മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കിക്കിയത്. 90കളിൽ ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുന്നപ്പോഴാണ് സംയോജിത കയർ വികസന പദ്ധതി പ്രകാരം കയർഫെഡിന്റെ ഉടമസ്ഥതയിലും ഡീഫൈബറിംഗ് സംഘങ്ങളിലും ചകിരിമില്ലുകൾ സ്ഥാപിച്ചത്.

കയർഫെഡിന്റെ തുമ്പൂർ ഡീഫൈബറിംഗ് യൂണിറ്റ് 08.09.1997ലാണ് ചാലക്കുടിയിൽ പ്രവർത്തനം ആരംഭിച്ചത്. കയർഫെഡ് പ്രസിഡന്റായിരുന്ന ആനത്തലവട്ടം ആനന്ദൻ പ്രത്യേക താത്പര്യം എടുത്താണ് തൃശൂർ ജില്ലയിലെ തുമ്പൂരിൽ കയർഫെഡിന് സ്വന്തമായി വാങ്ങിയ സ്ഥലത്ത് ഈ മില്ല് ആരംഭിച്ചത്.



മൂന്നാം നായനാർ മന്ത്രിസഭയിൽ വ്യവസായ-കയർ മന്ത്രിയായിരുന്ന സുശീലാ ഗോപാലനാണ് യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. തൊണ്ട് ഒരോന്നായി മെഷീനിൽ വെച്ച് കൊടുത്ത് നീളമുള്ള മുള്ളുകൾ വഴി കോമ്പ് ചെയ്ത് ചകിരി ഉത്പാദിപ്പിക്കുന്ന കോമ്പിംഗ് ടൈപ്പ് ഡീഫൈബറിംഗ് മെഷീനാണ് അന്ന് ഈ യൂണിറ്റിൽ ഉണ്ടായിരുന്നത്.ഈ മെഷീനിൽ ഉത്പാദിപ്പിക്കുന്ന ചകിരി നാരിന് നീളം കൂടുതൽ ഉണ്ടായിരുന്നെങ്കിലും ഉത്പാദന ക്ഷമത കുറവും അപകടസാധ്യത കൂടുതലുമായിരുന്നു. പിന്നീട് കയർഫെഡിൽ എസ്. ബാഹുലേയൻ പ്രസിഡന്റായിരുന്ന കാലത്ത് ഉത്പാദന ക്ഷമത കൂടിയതും അപകട സാധ്യത കുറഞ്ഞതുമായ യന്ത്രങ്ങൾ കയർഫെഡ് കേന്ദ്ര പദ്ധതിയായ എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം സ്ഥാപിക്കുകയുണ്ടായി. കോയമ്പത്തൂരുള്ള ഗോഡ്വെൽ എൻജിനീയറിംഗ് എന്ന കമ്പനിയുടെ പ്രതിദിനം 20,000 തൊണ്ട് വരെ സംസ്കരിക്കാവുന്ന ഡിക്കോർട്ടിക്കേറ്റർ ക്രഷർ സ്കൂസർ ടൈപ്പ് മെഷീനാണ് അന്ന് സ്ഥാപിച്ചത്. വി.എസ്. സർക്കാരിൽ കയർമന്ത്രിയായിരുന്ന ജി. സുധാകരൻ 2010 ജൂൺ15ന് ഈ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

തുടർന്നാണ് ആനത്തലവട്ടം ആനന്ദൻ ചെയർമാനായ കയർ കമ്മീഷൻ റിപ്പോർട്ടിലെ കയർ പുനഃസംഘടനാ നിർദ്ദേശങ്ങളിൽ ഒന്നായ കയർ മെഷിനറി ഉത്പാദനത്തിനായി ആലപ്പുഴയിൽ കയർ മെഷിനറി നിർമ്മാണ ഫാക്ടറി അന്നത്തെ മന്ത്രി ജി. സുധാകരൻ മുൻകൈയെടുത്ത് സ്ഥാപിച്ചത്.

ഈ ഫാക്ടറിയുടെ കൂടുതൽ തൊണ്ട് ചകിരിയാക്കുന്നതിനും തൊണ്ട് അടിച്ചുവരുമ്പോൾ തന്നെ കൂടുതൽ വൃത്തിയുള്ള ചകിരി ഉത്പാദിപ്പിക്കുന്നതുമായ ഡീഫൈബറിംഗ് യൂണിറ്റ് രൂപകൽപ്പന ചെയ്യുകയുണ്ടായി. കൂടുതൽ സാങ്കേതിക മികവുള്ള ഇത്തരം യൂണിറ്റാണ് തുമ്പൂരിൽ 2021 ഫെബ്രുവരിയിൽ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഓൺലൈനായി ഉദ്ഘാടനം നിർവ്വഹിച്ച് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ നേതൃത്വം നൽകുന്ന കയർഫെഡ് ഡയറക്ടർ ബോർഡാണ് പുതിയ യന്ത്രം സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്ത് നടപ്പിലാക്കിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കയർ തൊഴിലാളികളോടുള്ള പ്രതിബദ്ധതയ്ക്ക് ഉദാഹരണമാണ് ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള ഈ ആത്മാർത്ഥ ഇടപെടലുകൾ.



## ആർ.ബി.സി.എം യൂണിറ്റ്

കയർഫെഡിന്റെ തുമ്പൂരിലുള്ള സ്ഥലത്ത് റബർ ബാക്ക്ഡ് കയർ കാർ മാറ്റുകൾ, ടൈലുകൾ എന്നിവ നിർമ്മിക്കുന്നതിനായി ഒരു യൂണിറ്റ് 08.09.1997 അന്നത്തെ കയർ മന്ത്രി സുശീലാ ഗോപാലൻ ശിലാസ്ഥാപനം നടത്തി. 03.04.1999 ൽ മന്ത്രി സുശീലാ ഗോപാലൻ ഉദ്ഘാടനം നിർവഹിച്ചു. ഇക്കാലത്ത് ഒട്ടേറെ പ്രചാരത്തിലുണ്ടായിരുന്ന ഉത്പന്നമാണ് റബർ ബാക്ക് ചെയ്ത വിവിധ ആവശ്യത്തിനുള്ള മാറ്റുകൾ. ചവിട്ടുമ്പോൾ തെന്നിമാറാത്ത വിധവും പൊടിപടലങ്ങൾ തറയിൽ വീഴാതെ തടഞ്ഞു നിർത്തുന്നതരത്തിലുമായിരുന്നു ഇതിന്റെ രൂപകൽപ്പന. ഇവക്ക് കൂടുതൽ ഈടും ഉറപ്പുമുണ്ടായിരുന്നു. കാർ, ജീപ്പ്, ഓട്ടോറിക്ഷ തുടങ്ങിയവയിൽ സൗകര്യ പ്രദമായി ഉപയോഗിക്കാൻ പറ്റുന്ന ഇതിന്റെ വിപണന സാധ്യത കണക്കിലെടുത്താണ് ഇത്തരമൊരു ഒരു യൂണിറ്റ് ഇവിടെ സ്ഥാപിച്ചത്.

സിന്തറ്റിക്ക് മാറ്റുകളുടെ വരവോടുകൂടി ഇതിന്റെ പ്രചാരം ഇല്ലാതാകുകയും ഈ യൂണിറ്റിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു.



## സ്പിന്നിംഗ് ആൻഡ് കർളിംഗ് യൂണിറ്റ്

10.11.2014 ൽ അന്നത്തെ കയർമന്ത്രി അടൂർ പ്രകാശ് ഉദ്ഘാടനം നിർവ്വഹിച്ച സ്പിന്നിംഗ് ആൻഡ് കർളിംഗ് യൂണിറ്റിൽ മൂന്ന് ഓട്ടോമാറ്റിക്ക് യന്ത്രങ്ങളാണ് പ്രവർത്തിക്കുന്നത്. ആർ.സി.പി ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കേൾഡ് റോപ്പാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. കയർഫെഡിന്റെ ആർ.സി.പി യൂണിറ്റിലേക്ക് വാങ്ങുന്ന കേൾഡ് റോപ്പിന് വേണ്ടത്ര ഗുണനിലവാരം ഇല്ലാതിരുന്നതുകൊണ്ടുകൂടിയാണ് ഈ യൂണിറ്റാരംഭിച്ചത്.

സംഘങ്ങളിൽ നിന്ന് വാങ്ങുന്ന ചകിരി ഇവിടെ കൊണ്ടുവന്ന് ഹാക്ലർ യൂണിറ്റിൽ കൂടെ കടത്തിവിട്ട് വൃത്തിയാക്കി സ്പിന്നിംഗ് കർളിംഗ് മെഷീന്റെ ഓട്ടോഫീഡിംഗ് ചേമ്പറിൽ ഇട്ടുകൊടുത്ത് ഈ ചകിരി യൂണിഫോമായി മെഷീനിൽ കൂടി കടന്നുവരുമ്പോൾ സ്പിന്നിംഗ് ഹെഡിൽ വെച്ച് ത്രെഡ് ഫോം ചെയ്ത് റോപ്പ് ആയി ബോബിനിൻ ചുറ്റുന്നതാണ് ഈ യൂണിറ്റിന്റെ സാങ്കേതികത. ബോബിൻ നിറയുമ്പോൾ അഴിച്ചുമാറ്റി റീവൈൻഡ് ചെയ്ത് ബണ്ടിലാക്കി മാറ്റി തൂക്കി ആവശ്യാനുസരണം കയറ്റിവിടുന്നു.

## തൊഴിലാളികൾ

രണ്ടു യൂണിറ്റുകൾക്കും കൂടി ഒരു മാനേജരും ഡീഫൈബറിംഗ് യൂണിറ്റിൽ 10 ദിവസവേതന തൊഴിലാളികളും കർളിംഗ് യൂണിറ്റിൽ 6 ദിവസവേതന തൊഴിലാളികളും കോൺട്രാക്ട് വ്യവസ്ഥയിൽ ഒരു ഓപ്പറേറ്ററും ജോലി ചെയ്തു വരുന്നു.

## ഡീഫൈബറിംഗ് യൂണിറ്റിനാവശ്യമായ ചകിരി ശേഖരിയ്ക്കൽ

ഉത്പാദന ക്ഷമത കൂടിയ യന്ത്രങ്ങളിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ തൊണ്ടുകൾ ആവശ്യാനുസരണം കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചകിരി നമ്മുടെ ആവശ്യത്തിന്റെ പകുതിമാത്രമാണ്. പാഴായി പോകുന്ന കേരളത്തിലെ തൊണ്ടുകൾ ശാസ്ത്രീയമായി സംഭരിക്കുന്നതിനും തൊണ്ടുതല്ലൽ കേന്ദ്രത്തിലേക്ക് സപ്ലൈ ചെയ്യുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയാണെങ്കിൽ ഈ യൂണിറ്റുകളിലെ ഉത്പാദനം തടസം കൂടാതെ നടത്തുവാനും അതുവഴി കൂടുതൽ ചകിരി ഉത്പാദനവും യൂണിറ്റിന്റെ ലാഭകരമായ പ്രവർത്തനവും നടക്കുമെന്ന് നിസംശയം പറയാം.


# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ–688012**
**ഫോൺ–0477 2243628, 8281009833**




# അഴീക്കോട് കയർ വ്യവസായ സഹകരണസംഘം ലിമിറ്റഡ് നമ്പർ 261. കണ്ണൂർ

**ക**ണ്ണൂർ ജില്ലയിലെ അഴീക്കോട് പഞ്ചായത്തിലുള്ള അഴീക്കൽ പ്രദേശത്ത് 20.02.1958 ലാണ് അഴീക്കോട് കയർ വ്യവസായ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചത്. കൂവേൻ അനന്തനാണ് ആദ്യത്തെ പ്രസിഡന്റ്. ആരംഭഘട്ടത്തിൽ 300 ൽ പരം അംഗങ്ങൾ ഉണ്ടായിരുന്നു. ആ വർഷം തന്നെ സ്ഥലം പാട്ടത്തിനെടുത്ത് തൊണ്ട് പൂഴ്ത്തുന്ന പ്രവർത്തനം ആരംഭിച്ചിരുന്നു. ആദ്യകാലത്ത് പൂഴ്ത്തിയ തൊണ്ട് വീട്ടിൽക്കൊണ്ടു പോയി അടിച്ച് നാരാക്കി കൈക്കൊണ്ട് കയറുണ്ടാക്കി സംഘത്തിൽ കൊണ്ടുവരികയായിരുന്നു പതിവ്. പിന്നീട് സംഘത്തിൽ വച്ചുതന്നെ തൊണ്ടടിക്കാൻ തുടങ്ങി.

1976 ൽ സംഘം സ്വന്തമായി 46.75 സെന്റ് സ്ഥലം വാങ്ങി ആഫീസ്, ഗോഡൗൺ എന്നിവ നിർമ്മിച്ചു. 1978 ൽ വർക്ക്ഷെഡ് നിർമ്മിച്ച് 22 പരമ്പരാഗത റാട്ടിൽ തൊഴിലാളികൾക്ക് സംഘത്തിൽ തന്നെ ജോലി ചെയ്യാനുള്ള സൗകര്യം ഒരുക്കി. 1980–81 കാലയളവിൽ 66.70 സെന്റ് സ്ഥലം കൂടി സംഘം സ്വന്തമായി വാങ്ങുകയുണ്ടായി. 1983 മുതൽ 1989 വരെയുള്ള കാലഘട്ടത്തിൽ സംഘം അതുവരെ പാട്ടത്തിനെടുത്ത് തൊണ്ട് പൂഴ്ത്തിയ 161 സെന്റ് സ്ഥലം കൂടി സംഘം സ്വന്തമായി വാങ്ങി. സംഘത്തിനിപ്പോൾ 274.4 5 സെന്റ് സ്ഥലം സ്വന്തമുണ്ട്. സന്നദ്ധതയുള്ള തൊഴിലാളികളും സ്ഥല സൗകര്യവും ഉള്ളതിനാൽ 1983ൽ തന്നെ ഡീ ഫൈബറിംഗ് യൂണിറ്റ് സ്ഥാപിച്ച് യന്ത്രവത്ക്കരണത്തിലേക്ക് സംഘം കടന്നുവെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടാകുമെന്ന അക്കാലത്തെ ആശങ്ക നിമിത്തം കൂടുതൽ മുന്നോട്ട് പോകാനായില്ല. 1984 ൽ തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടി ഒരു നഴ്സറി സ്കൂൾ ആരംഭിച്ചു.

കയർ പിരിക്കുന്ന തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കുന്നതിനുവേണ്ടി 1986ൽ ചകിരിനാര് വൃത്തിയാക്കുന്ന ഒരു വില്ലോയിംങ്ങ് മെഷീൻ സ്ഥാപിച്ചു. അക്കാലത്ത് സംഘത്തിൽ 8 തൊഴിലാളികൾ ജോലി ചെയ്തിരുന്നു.

1995 ൽ സംയോജിത കയർ വികസന പദ്ധതി (ഐ.സി..ഡി.പി)യിൽ പ്പെടുത്തി സംഘത്തിന് വർക്ക്ഷെഡും 100 പേർക്ക് കയർ പിരിക്കാൻ കഴിയുന്ന 100 മോട്ടോറൈസ്ഡ് റാട്ടും ലഭിക്കുകയുണ്ടായി. ഈ ഘട്ടത്തിൽ സംഘം 400 ക്വിന്റൽ കയർ ഉത്പാദിപ്പിച്ചിരുന്നു. 1999–2000 വർഷത്തിൽ കയർ ബോർഡിന്റെ മോഡൽ കയർ വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സംഘത്തിന് കമ്മ്യൂണിറ്റി ഹാൾ, കിണർ, പമ്പ് സെറ്റ് എന്നിവ ലഭിക്കുകയുണ്ടായി.



*അഴീക്കോട് കയർ സംഘത്തിന്റെ എ.എസ്.എം യൂണിറ്റിൽ സ്ഥാപിച്ച മെഷിനറി*

ചകിരി നാരിന്റെ ആവശ്യം കൂടിവരികയും തൊണ്ട് അടിക്കുന്ന തൊഴിലാളികളുടെ ലഭ്യത കുറയുകയും ചെയ്തപ്പോൾ 2008 ൽ ഒരു ബീറ്റർ മെഷീൻ സ്ഥാപിച്ചു. 2010 ൽ സംഘത്തിന് ഒരു മിനി ഡീഫൈബറിംഗ് മെഷീൻ ലഭിക്കുകയുണ്ടായി. 2014 ൽ മൂന്ന് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ.എസ്.എം) സംഘത്തിന് ലഭിച്ചു. 2015 മുതൽ 2018 വരെ പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ പ്രവർത്തനം നിർത്തിവെച്ചിരുന്നു. 2018 ജൂൺ മാസത്തിലാണ് വീണ്ടും പ്രവർത്തനം ആരംഭിച്ചത്.

തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി 01.04.1989 മുതൽ തൊഴിലാളികളെ കയർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരുന്നു. 1992 മുതൽ 2000 വരെയുള്ള കാലയളവിൽ സംഘത്തിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് സംഘം ഗ്രാറ്റുവിറ്റി നൽകിയിരുന്നു. 1996 മുതൽ തൊഴിലാളികൾക്ക് ഇ.പി.എഫ് നടപ്പിലാക്കിയിട്ടുണ്ട്. സംഘത്തിലിപ്പോൾ 697 മെമ്പർമാരും 15 തൊഴിലാളികളുമാണുള്ളത്.

2019 ആഗസ്റ്റ് മാസത്തോടെ കെ.എസ്.സി.എം.എം.സി ൽ നിന്നും സംഘത്തിന് 10 എ.എസ്.എം, അനുബന്ധ മെഷീനുകൾ എന്നിവ ലഭ്യമാക്കുകയും, ആയവ സ്ഥാപിച്ച് 2020 ഫെബ്രുവരി 12 മുതൽ കെ.എസ്.സി.എം.എം.സി മുഖേന 13 തൊഴിലാളികൾക്ക് 10 ദിവസത്തെ പരിശീലനം ലഭിക്കുകയുണ്ടായി. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി സംഘത്തിന് ലഭിച്ച ഓട്ടാമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടനം 2020 സെപ്റ്റംബർ 26ാം തീയതി കേരള ധനകാര്യകയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കാണ് നിർവ്വഹിച്ചത്.

എൻ.സി.ആർ.എം മുഖേന സംഘത്തിലെ തൊഴിലാളികൾക്ക് 30 ദിവസത്തെ കയർപിരി പരിശീലനം ലഭിച്ചിട്ടുണ്ട്.

സംഘത്തിൽ ഒരു ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നുവരുന്നു. 20.06. 2018 ന് ചുമതലയേറ്റ പി.പവിത്രൻ പ്രസിഡന്റായുള്ള 7 അംഗ ഭരണസമിതിയാണ് സംഘത്തെ നയിക്കുന്നത്. ടി. പ്രീജയാണ് സംഘത്തിന്റെ സെക്രട്ടറി.






*കയർ വികസന ഡയക്ടർ വി.ആർ.വിനോദ് ഐ.എ.എസ് കയർഫെഡ് അസാം ഗുവഹാട്ടി ഷോറും സന്ദർശിക്കുന്നു*

# കയർ വികസന ഡയക്ടർ വി.ആർ. വിനോദ് ഐ.എ.എസ് കയർഫെഡ് അസാം ഗുവഹാട്ടി ഷോറും സന്ദർശിച്ചു

**ക**യർ വികസന ഡയക്ടറും ഗ്രാമവികസന കമ്മീഷണറുമായ വി.ആർ. വിനോദ് ഐ.എ.എസ് കയർഫെഡ് അസാം ഗുവഹാട്ടി ഷോറും സന്ദർശിച്ചു. കയർഫെഡിന്റെ ഷോറൂം പ്രവർത്തിക്കുന്ന ഗുവാഹതി അസാമിലെ ഏറ്റവും വലിയ നഗരമാണ്. വടക്ക് കിഴക്കൻ മേഖലയിലേക്കുള്ള പ്രവേശന കവാടം കൂടിയായ സ്ഥലമാണിത്.

വ്യവസായ മേഖലകളുടെ നാഡീകേന്ദ്രം കൂടിയായ നഗരം വർണപ്പകിട്ടാർന്നതാണ്. കയർഫെഡിന്റെ കേരളത്തിന് പുറത്തുള്ള 22ഓളം ഷോറൂമുകളിൽപ്പെട്ടതാണ് അസാമിൽ വർഷങ്ങളായുള്ള ഈ ഷോറൂം.

# വായനക്കാരോടുള്ള അഭ്യർത്ഥന

*പ്രിയപ്പെട്ട വായനക്കാരെ,*

*കോവിഡ് മഹാമാരിയുടെ രണ്ടാം വ്യാപനം ലോകത്തെയാകെ തീവ്രമായി ആക്രമിച്ചുകൊണ്ടിരിക്കുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സംസ്ഥാനത്തെ കോവിഡ് ബാധിതരുടെ എണ്ണം ഈ മാസം ഒന്നിന് കേവലം 2,798 മാത്രമായിരുന്ന സ്ഥാനത്ത് ഏപ്രിൽ 30 ലെത്തിയപ്പോൾ 37,199 എന്ന ഭീതിദമായ സംഖ്യയിലേക്ക് ഉയർന്നിരിക്കുന്നു. മഹാമാരി നമ്മുടെ സംസ്ഥാനത്തുമാത്രം ഇതുവരെ 5,308 പേരുടെ വിലപ്പെട്ട ജീവനും കവർന്നു കഴിഞ്ഞു. ഇന്നത്തെ (ഏപ്രിൽ 30) കണക്കു പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 6,43,529 പേരാണ് നിരീക്ഷണത്തിലുള്ളത്. ഇവരിൽ 6,19,703 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 23,826 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 5206 പേരെയാണ് ഇന്ന് മാത്രം ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.*



*രോഗത്തിന്റെ ഈ തീവ്ര സ്വഭാവം മനസിലാക്കി കയർവ്യവസായം മാസികയുടെ എല്ലാ വായനക്കാരും നിങ്ങളുടേയും കുടുംബാംഗങ്ങളുടേയും നാടിന്റേയും ആരോഗ്യം സംരക്ഷിക്കാൻ സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റേയും എല്ലാ നിർദ്ദേശങ്ങളും അണുവിട തെറ്റാതെ പാലിക്കണമെന്നും, മഹാമാരിയെ പിടിച്ചുകെട്ടാനുള്ള ലോക വ്യാപകമായ പോരാട്ടത്തിലെ ഉറപ്പുള്ള കണ്ണികളാകണമെന്നും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.*

**അഡ്വ.എൻ. സായികുമാർ**
**ചീഫ് എഡിറ്റർ**

# കയർഫെഡ് സർവീസിൽ നിന്നും വിരമിച്ചവർ



*കയർഫെഡിൽ ഫൈനാൻസ് മാനേജരായിരുന്ന കെ.ബി. മനോഹരന് കയർഫെഡിന്റെ സ്നേഹോപഹാരം പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ സമ്മാനിക്കുന്നു. കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി.സുരേഷ്കുമാർ, ജനറൽ മാനേജർ ബി.സുനിൽ എന്നിവർ സമീപം.*

**ക**യർഫെഡിൽ ഫൈനാൻസ് മാനേജരായി സേവന മനുഷ്ഠിച്ചു വന്നിരുന്ന കെ.ബി. മനോഹരൻ കയർഫെഡിൽ നിന്നും ഏപ്രിൽ മാസം കാലാവധി അവസാനിച്ചതിനെതുടർന്ന് വിരമിച്ചു. സംസ്ഥാന സർവീസിൽ ഫൈനാൻസ് ഓഫീസറായി വിരമിച്ച അദ്ദേഹത്തെ കയർ വികസന ഡയറക്ടറുടെ ഉത്തരവിനെ തുടർന്ന് കയർഫെഡിൽ ഒരു വർഷകാലത്തേക്ക് ഫൈനാൻസ് മാനേജരായി നിയമിക്കുകയായിരുന്നു.

കയർഫെഡിന്റെ ആലപ്പുഴ ഹെഡ് ആഫീസിൽ വച്ച് അദ്ദേഹത്തിന് സമുചിതമായ യാത്രയയപ്പ് നൽകി.

യാത്രയയപ്പ് സമ്മേളനത്തിൽ വച്ച് കയർഫെഡിന്റെ സ്നേഹോപഹാരം പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ സമ്മാനിച്ചു. ചടങ്ങിൽ കയർഫെഡ് മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, ജനറൽ മാനേജർ ബി. സുനിൽ, പേഴ്സണൽ മാനേജർ എസ്. ഷീല, ഡപ്യൂട്ടി ഫൈനാൻസ് മാനേജർ കെ.എസ്. പ്രകാശ്, അസിസ്റ്റന്റ് ഫൈനാൻസ് മാനേജർ വി.എൻ. ശശികുമാർ, മാർക്കറ്റിംഗ് മാനേജർമാരായ എം. അനുരാജ്, അനിൽകുമാർ, ട്രേഡ് യൂണിയൻ നേതാക്കൾ ജീവനക്കാർ തുടങ്ങിയവർ സംബന്ധിച്ചു. കെ.ബി. മനോഹരൻ നന്ദി പ്രകാശിപ്പിച്ചു.

# ജി. രാജേന്ദ്രൻ പിള്ള വിരമിച്ചു



**ക**യർഫെഡ് ഡപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ ജി. രാജേന്ദ്രൻ പിള്ള സർവീസിൽ നിന്നും വിരമിച്ചു. വിരമിക്കുമ്പോൾ അദ്ദേഹം കയർഫെഡിന്റെ പോണ്ടിച്ചേരി ഷോറൂമിന്റെ ചുമതല വഹിച്ചുവരികയായിരുന്നു. 1993ൽ ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുക്കുമ്പോഴാണ് ജി. രാജേന്ദ്രൻ പിള്ള സെയിൽസ് പ്രോമോഷൻ ആഫീസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ കയർഫെഡ് സർവീസിൽ നിയമിക്കപ്പെട്ടുന്നത്. പിന്നീട് അദ്ദേഹം കയർഫെഡിൽ ആ തസ്തികയിൽ സ്ഥിരപ്പെട്ടു.

കയർഫെഡിന്റെ കൽക്കത്ത, സിലിഗുരി തുടങ്ങിയ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഷോറൂമുകളിൽ സേവനമനുഷ്ഠിച്ച ജി. രാജേന്ദ്രൻ പിള്ള 28 വർഷത്തെ സർവീസിനുശേഷമാണ് കയർഫെഡിൽ ഡപ്യൂട്ടി മാർക്കറ്റിംഗ് മാനേജർ തസ്തികയിൽ വിരമിക്കുന്നത്.

# പ്രകൃതി സൗഹൃദ കാർഷിക പദ്ധതി: കൃഷി വകുപ്പിന് കയർ ഫെഡ് ചെയർമാന്റെ കത്ത്

**Adv. N. Saikumar BSc, LLM**
**Chairman**

**The Kerala State Co-operative**
**Coir Marketing Federation Ltd**

CF/QCO/COCOFERT/2021-22/6511 തീയതി : 20/04/2021

**ഡോ. കെ. വാസുകി. ഐ.എ.എസ്**
**കൃഷി ഡയറക്ടർ**
**കേരള സർക്കാർ**
**തിരുവനന്തപുരം**

മാഡം,

വിഷയം : കയർഫെഡ് – പ്രകൃതി സൗഹൃദ കയർ ഉത്പന്നങ്ങൾ ഉപയോഗിച്ചുള്ള ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നത് – സംബന്ധിച്ച്
സൂചന : 05/09/2019 ലെ സ.ഉ. (സാധാ) നം. 846/2019/കൃഷി നമ്പർ ഉത്തരവ്

കേരളത്തിലെ എഴുന്നൂറിലധികം പ്രാഥമിക കയർ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ കയർ ഫെഡിൽ നിന്നും കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ കീഴിൽ ജൈവവളം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ചകിരിച്ചോറും ചകിരിനാരും വാങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ അംഗീകൃത ഏജൻസിയായി കയർഫെഡിനെ നിശ്ചയിച്ചും സൂചന പ്രകാരം ഉത്തരവായിരുന്നു. കൃഷി വകുപ്പ് കയർഫെഡിനോട് കാണിച്ച താല്പര്യത്തിനും പരിഗണനയ്ക്കും ആദ്യമേ നന്ദി അറിയിക്കുന്നു.

വികേന്ദ്രീകൃത മാലിന്യ പരിപാലന രംഗത്തും ജൈവ കൃഷി മേഖലയിലും ഉപയോഗിക്കുന്നതിലേയ്ക്കായി മൂന്ന് നൂതന ഉല്പന്നങ്ങൾ കയർഫെഡ് തയ്യാറാക്കിയിട്ടുണ്ട്.

1) കൊക്കോ ഗ്രീൻ – എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനങ്ങളിൽ മീഡിയമായി ഉപയോഗിക്കുന്ന ഇനോക്കുലേറ്റഡ് കയർ പിത്ത്
2) കൊക്കോ ഫെർട്ട് – കയർ പിത്ത് ഉപയോഗിച്ച് തയ്യാറാക്കുന്ന കമ്പോസ്റ്റ്
3) കൊക്കോ പോട്ട് – ചകിരി നാരും പ്രകൃതി ദത്ത ലാറ്റക്സും ചേർത്ത് തയാറാക്കുന്ന പ്രകൃത സൗഹൃദ ചെടിച്ചട്ടികൾ

കൊക്കോ ഗ്രീൻ കേരളത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തി വരുന്നു. കൊക്കോ ഫെർട്ട് ചില കൃഷി ഭവനുകൾ തങ്ങളുടെ പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്നുണ്ട്. എന്നാൽ ബഹുഭൂരിപക്ഷം കൃഷിഭവനുകളും ഫാമുകളും ഇപ്പോഴും കൊക്കോ ഫെർട്ട് പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടില്ല. മികച്ച ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുള്ള ഈ ഉത്പന്നം പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിലെ മുഴുവൻ കൃഷിഭവനുകൾക്കും നിർദ്ദേശം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൊക്കോപോട്ടും കൊക്കോഫെർട്ടും ഉപയോഗിച്ച് ആലപ്പുഴ ജില്ലയിലെ കുമാരപുരം പഞ്ചായത്തിലെ കൃഷി ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ 2020–21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ വർഷത്തെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടപ്പാക്കിയ മാതൃകാ പദ്ധതി ഏറെ പ്രശംസ നേടിയിരുന്നു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ പദ്ധതിയെ ഏറെ അനുമോദിക്കുകയും ഈ മാതൃക എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും ആലപ്പുഴ ജില്ലയിലെ തന്നെ കാവാലം പഞ്ചായത്ത് മാത്രമാണ് പിന്നീട് ഈ പദ്ധതി നടപ്പാക്കിയത്. ഈ വരുന്ന ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കേരളമൊട്ടാകെ ഈ മാതൃക വ്യാപിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് തുടക്കമിടുന്നത് അഭിമാനകരമായിരിക്കും. കൃഷി വകുപ്പിന് മാത്രമേ ഇത്തരത്തിൽ ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകി നടപ്പാക്കാൻ കഴിയൂ. അത്തരത്തിൽ പൂർണമായും പ്രകൃതി സൗഹൃദവും വിഷ രഹിതവുമായ ഒരു കാർഷിക പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആയതിലേയ്ക്ക് കയർഫെഡിനെ കൂടി ഉൾപ്പെടുത്തി ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

P.B. No. 4616, Alappuzha - 688 012, Kerala. Tel: 0477-2243627, 2243628, 2243629 (Office)
Direct - 0477-2246950 Mob: 9847334042 Fax: 0477-2244013
E-mail: coirfedho@gmail.com, nsayikumar@gmail.com, Website: www.coirfed.com, www.coirfed.kerala.gov.in

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Ahmedabad | 09028073347 | 079-22122858 | |
| 24 | Ajmeer | 08769233721 | 0145-2620607 | |
| 25 | Amaravathy | 09421739326 | 0721-2576304 | |
| 26 | Amritsar | 09958272064 | 0183-2557747 | |
| 27 | Bhavanagar | 9497757231 | 0278-2516620 | |
| 28 | Bhopal | 09303964488 | 0755-2745923 | |
| 29 | Calcutta | 09163342270 | 033-22353029 | |
| 30 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 31 | Delhi I | 09958272064 | 011-22544026 | |
| 32 | Delhi II | 09958272064 | | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Trichy | 09750125580 | 09750125580 | |
| 45 | Pandurna | 09422857737 | 0716-4220183 | |
| 46 | Chapra | 09939066693 | 08986369244 | |
| 47 | Warud | 09421739326 | 0722-9234223 | |

# കയർഫെഡ് ഭരണസമിതി


അഡ്വ. എൻ. സായികുമാർ
പ്രസിഡന്റ്


ജോഷി എബ്രഹാം
വൈസ് പ്രസിഡന്റ്


എസ്.എൽ. സജികുമാർ
എക്സി. മെമ്പർ


വി.എസ്. മണി
എക്സി. മെമ്പർ


എം. പുഷ്കരൻ
എക്സി. മെമ്പർ


കെ.വി. സത്യപാലൻ
എക്സി. മെമ്പർ


പ്രമീള രമണൻ
എക്സി. മെമ്പർ


ആർ. അജിത് കുമാർ
ബോർഡ് മെമ്പർ


പി.കെ. അപ്പുക്കുട്ടൻ
ബോർഡ് മെമ്പർ


ടി.എ. മോഹനൻ
ബോർഡ് മെമ്പർ


വി.എൻ. ഉണ്ണികൃഷ്ണൻ
ബോർഡ് മെമ്പർ


എ. പ്രേമൻ
ബോർഡ് മെമ്പർ


മങ്ങംതറ ദേവൻ
ബോർഡ് മെമ്പർ


എം. അമ്മിണി
ബോർഡ് മെമ്പർ


രമ മദനൻ
ബോർഡ് മെമ്പർ


ബി. സാബു
ബോർഡ് മെമ്പർ


എസ്. ശശിവർണൻ
ബോർഡ് മെമ്പർ


കെ.എ. മുഹമ്മദ്
ബോർഡ് മെമ്പർ


ബിശ്വനാഥ് സിൻഹ IAS
പ്രിൻസിപ്പൽ സെക്രട്ടറി (കയർ)


വി.ആർ. വിനോദ് IAS
കയർ വികസന ഡയറക്ടർ


സി. സുരേഷ് കുമാർ
മാനേജിംഗ് ഡയറക്ടർ

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-04-2021, April 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705